# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 2 No. 17 | THE ONLINE OFFICIAL NEWS BULLETTIN | 2019 April 27


## ഉയിർപ്പുകാലം | SEASON OF RESURRECTION | ܥܕܢܐ ܕܩܝܡܬܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
|  ♪8/1 28 |  ♪5 29 | ♪1 30 |  ♪5 1 | ♪1 2 |  ♪5 3 |  ♪1 4 |
| hadbsabo botar qyomto<br>New Sunday<br>(1st Sunday after Easter) | Comme. of<br>Mar Sabor & Mar Aproth | | Comme. of St. James the Apostle<br>(Son of Zebedee)<br>Comme. of St. Michael Sahada | | 106th Memorial of<br>H.H. Baselius Paulose I Catholicos<br>(Pampakuda Cheriya Palli) | 14th Memorial of<br>Sabhakavi Sri C. P. Chandy<br>(Pathanamthitta Basil Dayara) |



# കോട്ടൂർ പള്ളി കൂദാശ ചെയ്തു

കോലഞ്ചേരി: സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെ ചാപ്പലായ നവീകരിച്ച കോട്ടൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ശുശ്രൂഷകൾക്ക് പ. കാതോലിക്കാ ബാവയും അഭിവന്ദ്യ മെത്രാപ്പോലീത്തമാരും നേതൃത്വം നൽകി.




കോലഞ്ചേരി മെഡിക്കൽ കോളജിൽ 12–ാമത് ബാച്ച് എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ ഗ്രാജുവേഷൻ സെറിമണി.



102–ാം വയസ്സിലേക്ക് പ്രവേശിക്കുന്ന ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താക്ക് ജന്മദിന ആശംസകൾ നേർന്നുകൊണ്ട് പ. കാതോലിക്കാ ബാവാ.



തൊഴിൽ പരിശീലനത്തിനായി റോയൽ ആശുപത്രിയിൽ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഭിന്നശേഷിക്കാരായ ചൈതന്യ സ്പെഷ്യൽ സ്കൂളിലെ കൂട്ടുകാരെ പ്രോത്സാഹിപ്പിക്കുവാനും, അനുഗ്രഹിക്കുവാനുമായി ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ എത്തിയപ്പോൾ.



കോട്ടൂർ പള്ളി പെരുന്നാളിന് ഡോ. മാത്യൂസ് മാർ സേവേറിയോസ് കൊടി കയറ്റുന്നു.



കുന്നംകുളം ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലിൽ വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള സെമിത്തേരി ചാപ്പലിന്റെ പെരുന്നാളിന് (ഏപ്രിൽ 22, 23) ഡോ ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി നേതൃത്വം നൽകി.

**ആരാധനാ കലണ്ടർ**

# "നിങ്ങൾക്കു സമാധാനം; പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു; നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ"



**ഡോ. ഗീവർഗീസ് മാർ യൂലിയോസ്**

വാത്സല്യ ദൈവമക്കളേ,

ദൈവത്തിന്റെ വലിയ കൃപയാൽ പുനരുത്ഥാന പെരുന്നാളും അനുബന്ധ പെരുന്നാൾ ദിനങ്ങളായ വെണ്മയുടെ ഹേവോറോ ദിനങ്ങളും ആഘോഷിപ്പാൻ ഒരിക്കൽ കൂടെ ഇടയായല്ലോ. അവന്റെ മനുഷ്യാവതാര വ്യാപാരത്തിലെ മഹാ കരുണയ്ക്കായി അവനെ സ്തുതിക്കാം.

ഉയിർപ്പുപെരുന്നാളിനു ശേഷമുള്ള ആദ്യ ഞായറാഴ്ചയെ 'പുതു ഞായറാഴ്ച' എന്ന് പ. സഭാപിതാക്കന്മാർ വിളിക്കുന്നു. പുനരുത്ഥാനത്തിൽ ഞായറാഴ്ചയ്ക്ക് അഥവാ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിന് ഉണ്ടാകുന്ന ബഹുമാന്യ അവസ്ഥയെയും ആ ദിവസത്തിന്റെ വേദശാസ്ത്ര പ്രത്യേകതകളെയും ഉൾക്കൊണ്ടുകൊണ്ടാണ് ഈ നാമകരണം.




ഇതുവരെയും ഞായറാഴ്ച എന്നാൽ സൃഷ്ടി ആരംഭിച്ച ദിനം, ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ എന്ന അർത്ഥമായിരുന്നുവെങ്കിൽ ഇപ്പോൾ അത് പുനരുത്ഥാനം എന്ന മഹത്തായ പ്രതിഭാസം സംഭവിച്ച് പ. സഭയുടെ ഏറ്റവും വലിയ പെരുന്നാൾ ദിനമായി (ക്യംതാ) മാറിയിരിക്കുന്നു.

ആറ് ദിവസങ്ങൾ കൊണ്ട് സ്രഷ്ടാവായ ദൈവം സകലത്തെയും സൃഷ്ടിച്ചുവെന്നും ഏഴാം ദിവസം സൃഷ്ടാവും സൃഷ്ടിയും വിശ്രമിക്കുകയും ആ ദിവസത്തെ ശബ്ബത്ത് – ഏഴാം നാൾ – യഹോവയ്ക്ക് വിശുദ്ധം എന്ന് പഠിപ്പിച്ചുവെന്നും പഴയനിയമ പുസ്തകങ്ങളിൽ ഉടനീളം നാം കാണുന്നു. അങ്ങിനെ ഏഴു ദിവസത്തെ ആഴ്ചവട്ടം പൂർത്തിയാക്കി വീണ്ടും ഞായറാഴ്ച വരുമ്പോൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ എന്ന് അതിനെ വിളിക്കുകയും ചെയ്യുന്നു.

എന്നാൽ ഉല്പത്തി പുസ്തകം മുതൽതന്നെ എട്ടാം നാൾ എന്ന ഒരു പദപ്രയോഗം നാം കാണുന്നുണ്ട്. എട്ടാംനാൾ പരിച്ഛേദന എന്ന ചേലാകർമ്മം നടത്തി ആൺപ്രജകളെ യഹോവയ്ക്ക് വിശുദ്ധ ജനമായി വേർതിരിക്കണമെന്നും അവനുമായി ഉടമ്പടി ബന്ധത്തിൽ വളരണമെന്നുമുള്ള പ്രമാണം അബ്രഹാമിലും അവന്റെ സന്തതികളിലും ആരംഭിക്കുന്നു (ഉല്പത്തി 17). എട്ടാംനാൾ വിശുദ്ധമായ സഭായോഗം കൂടണം എന്നിങ്ങനെയുള്ള നിർദ്ദേശങ്ങളും കാണാം.

എട്ടാംനാളിന്റെ പ്രത്യേകത യഹൂദ വേദശാസ്ത്രിമാർക്ക് ഇന്നും അജ്ഞാതമാണ്; എന്നാൽ പ. സഭാപിതാക്കന്മാർ ആയതിനെ പുനരുത്ഥാന പെരുന്നാളിന്റെ പശ്ചാത്തലത്തിൽ മനോഹരമായി വ്യാഖ്യാനിക്കുന്നു. പുനരുത്ഥാനം എന്നാൽ രക്ഷകനായ ക്രിസ്തുവിൽ ഉണ്ടാകുന്ന പുതിയ യുഗത്തിന്റെ അനുഭവമാണ്. പരിച്ഛേദന മൂലമുള്ള രക്ത ഉടമ്പടിയാൽ അബ്രഹാമും അവന്റെ സന്തതിപരമ്പരകളും യഹോവയുടെ വിശുദ്ധ ജനമെന്നും യഹോവ അവരുടെ ദൈവമെന്നുമുള്ള പ്രമാണം സ്ഥാപിതമാകുന്നു. ആ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് പുനരുത്ഥാന പെരുന്നാളിൽ സംഭവിക്കുന്നത്. പുനരുത്ഥാനം സംഭവിച്ചത് ആഴ്ചവട്ടത്തിന്റെ പൂർത്തീകരണത്തിനു ശേഷം എട്ടാംനാളിലാണ് എന്ന് ഓർക്കണം. അവിടെ യഹോവയുടെ വാഗ്ദാനം പൂർത്തീകരണം പ്രാപിച്ച് മശിഹാ എന്ന രക്ഷകനിൽ പുതിയ ആകാശവും പുതിയ ഭൂമിയും അഥവാ പഴയത് മാറ്റപ്പെട്ട് പുതിയനിയമവും സംജാതമാകുന്നു. ആകയാൽ ഞായറാഴ്ച ഇനിയും ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മാത്രമല്ല; പൂർത്തീകരണത്തിന്റെയും പുതുമയുടെയും എട്ടാംനാൾ കൂടെയാണെന്ന് പിതാക്കന്മാർ സമർത്ഥിക്കുന്നു. (ക്യംതാ ഞായറാഴ്ചയിൽ സന്ധ്യ മുതൽ രാത്രിയുടെ രണ്ടാം കൗമ്മാ വരെ എട്ടാം രാഗവും തുടർന്ന് ഒന്നാം രാഗവും ഉപയോഗിക്കുന്നതിന്റെ കാരണവും ഇതാണ്; എന്നു മാത്രവുമല്ല എട്ടാം രാഗം തന്നെ പുനരുത്ഥാന പെരുന്നാളിൽ ആരംഭിച്ച് വരുവാനിരിക്കുന്ന പുതിയ ജീവന്റെ സൂചനയുമാണെന്ന് ഇവിടെ ഓർക്കാം.)

യാക്കോബിന്റെ മകനായ യൗസേപ്പിനെ മിസ്രയിമിന്റെ പുതിയ ഭരണാധികാരിയായി ഫറവോൻ അംഗീകരിച്ച് വാഴിക്കുന്ന ഭാഗമാണ് പുതു ഞായറാഴ്ചയിലെ ആദ്യ പഴമ വായന (ഉല്പത്തി 41.41–46). ക്രിസ്തുവിൽ ആരംഭിക്കുന്ന പുതിയ വ്യവസ്ഥിതി എന്ന ആശയം ഇവിടെ വ്യക്തമായും സൂചിപ്പിക്കുന്നു. 'സാപ്നത്ത് പനേഹ്' എന്ന ഈജിപ്ഷ്യൻ പദത്തിന് 'ജീവന്റെ അപ്പം' എന്ന് അർത്ഥം എന്ന് കാണുമ്പോൾ നാം അത്ഭുതപ്പെടുന്നു. തന്റെ ശരീരവും രക്തവും മനുഷ്യകുലത്തിന് നൽകി അവനെ ജീവനിലേയ്ക്ക് അഥവാ നാശമില്ലായ്മ എന്ന നിത്യതയിലേയ്ക്ക് ക്രിസ്തു ക്ഷണിക്കുന്നു. 'സാപ്നത്ത് പനേഹ്' എന്ന പദത്തിന് ലോകോത്തര വേദപുസ്തക വ്യഖ്യാതാവായ വി. ജറോം 'ലോകത്തിന്റെ രക്ഷകൻ' എന്നാണ് അർത്ഥം നൽകിയിരിക്കുന്നത്. രക്ഷയുടെ ഈ വലിയ പെരുന്നാളാണ് ഒന്നാം നാളും എട്ടാം നാളുമായ ഞായറാഴ്ചകളിൽ വി. സഭ ആചരിക്കുന്നത് എന്ന് സാരം. പുതു ഞായറാഴ്ചയുടെ വേദഭാഗങ്ങൾ എല്ലാം ഈ തത്വം പഠിപ്പിക്കുന്നു.

ഏലിയാ പ്രവാചകൻ കർമ്മേൽ മലമേൽ നടത്തുന്ന യാഗമാണ് അടുത്ത വായനാഭാഗം (1 രാജാ. 18.36–40). "യഹോവേ എനിക്ക് ഉത്തരമരുളേണമേ" എന്ന പ്രാർത്ഥനയുടെ മുന്നിൽ സ്വർഗ്ഗം തുറക്കപ്പെട്ട് യാഗപീഠത്തിന്മേൽ അഗ്നി ഇറങ്ങി അതിനെ ശുദ്ധീകരിക്കുന്നു. ബാലിന്റെ വിഗ്രഹങ്ങളും പ്രവാചകന്മാരും പുരോഹിതന്മാരും അസ്തമിക്കുമ്പോൾ യഹോവയിലുള്ള സത്യവിശ്വാസമുള്ള ഒരു ജനത വേർതിരിക്കപ്പെടുന്നു. എട്ടാംനാളിന്റെ അനുഭവമാണ് ഇവിടെയും സൂചകം.

യെശയ്യാ പ്രവാചകനാകട്ടെ ക്രിസ്തുവിൽ സംഭരിച്ച ഈ എട്ടാംനാളിനെയും സുവിശേഷത്തെയും പ. സഭയെയും കുറിച്ച് വ്യക്തമായ വാക്കുകളിൽ പ്രവചിച്ചു പറഞ്ഞിരിക്കുന്നു: 'സുവാർത്ത ദൂതിയായ സീയോനേ, നീ ഉയർന്ന പർവ്വതത്തിലേയ്ക്കു കയറി ചെല്ലുക; നിന്റെ ശബ്ദം ശക്തിയോടെ ഉയർത്തുക; ഭയപ്പെടാതെ ഉയർത്തുക; യഹൂദാ നഗരങ്ങളോട് ഇതാ നിങ്ങളുടെ ദൈവം എന്ന് പറയുക. "അവൻ ബലവാനായി വരുന്നുവെന്നും കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ടെന്നും അവൻ ഒരു ഇടയനെപ്പോലെ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കയും ... എന്നിങ്ങനെ പോകുന്നു അതിമനോഹരമായ ആ വർണ്ണന (യെശയ്യാവ് 40.9–15).

ഈ പശ്ചാത്തലത്തിൽ വി. പത്രോസ് ശ്ലീഹായുടെ ഒന്നാം ലേഖനം വായിക്കുമ്പോൾ (2.19–25) അർത്ഥതലങ്ങൾ കൂടുതൽ വ്യക്തമാകുന്നു. ക്രിസ്തു സഹിച്ച കഷ്ടവും അവന്റെ കാൽചുവടു പിൻതുടരേണ്ടതിന്റെ ആവശ്യകതയും ശ്ലീഹാ ഓർപ്പിക്കുന്നു. "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവി

ക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൽ കയറി; അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം ലഭിച്ചു' എന്ന് അദ്ദേഹം സാക്ഷിക്കുന്നു.

കൂടുതൽ തത്വചിന്താപരമായ വാക്കുകളിൽ ഇതേ കാര്യം പ. പൗലോസ് ശ്ലീഹാ റോമരോടും ഓർമ്മിപ്പിക്കുന്നു (റോമർ 6.12-23). പഴയ ന്യായപ്രമാണത്തിന്റെ ആക്ഷരികതയ്ക്കു പകരം യേശുക്രിസ്തുവിൽ പുതിയ പ്രമാണം ഉണ്ടാകുന്നു; അത് നിത്യജീവന് ആധാരമായി ഭവിക്കുന്നു എന്ന് അദ്ദേഹം പഠിപ്പിക്കുന്നു. അവനിലുള്ള പൂർണ്ണ വിശ്വാസമല്ലാതെ മറ്റൊരു മാർഗ്ഗം മുന്നിൽ കാണുന്നില്ല എന്ന സത്യവും ശ്ലീഹാ റോമാക്കാരിലൂടെ നമ്മെയും ഓർമ്മിപ്പിക്കുന്നു.

തുടർന്നാണ് പുതുഞായറാഴ്ചയുടെ കാതലായ വി. ഏവൻഗേലിയോൻ ക്രിസ്തു പൂർണ്ണ ദൈവവും ഏക കർത്താവുമാണ് എന്ന സത്യം ലോകത്തോട് സുവിശേഷിക്കുന്നത് (വി. യോഹന്നാൻ 20.19-31). വഴി ഏതെന്ന് കർത്താവിനോട് ആത്മാർത്ഥമായി തിരക്കുകയും അവനോടൊപ്പം മരണം വരെയും പോകേണ്ടത് നമ്മുടെ കടമയാണെന്ന് സഹശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്ത ശ്ലീഹാ സഹശിഷ്യന്മാർ യഹൂദരെ ഭയന്ന് വാതിലടച്ച് അകത്തിരിക്കുമ്പോൾ അശേഷം ഭയം കൂടാതെ പുറത്തിറങ്ങി പുനരുത്ഥാനത്തിന്റെ പൊരുൾ തേടി നടന്നവനാണെന്ന് ഓർക്കണം. ക്രിസ്തുവിനെ കണ്ടുവെന്ന് സഹശിഷ്യന്മാർ പറഞ്ഞപ്പോൾ അദ്ദേഹം അല്പം കടുത്ത നിലപാടെടുത്തു: എനിക്ക് അവനെ കാണണം, അവന്റെ മുറിവുകളിൽ തൊടണം; സത്യം എന്തെന്ന് അറിഞ്ഞ് ഭയം കൂടാതെ അതിനെ അനുഗമിക്കണം.

വി. തോമ്മാ ശ്ലീഹായുടെ ആ ആഗ്രഹത്തിന്റെ മുന്നിലാണ് ഉത്ഥിതൻ വീണ്ടും പ്രത്യക്ഷപ്പെടുന്നത്; അവനോട് സംസാരിക്കുന്നത്, തെളിവ് നൽകുന്നത്, അവന്റെ അല്പ വിശ്വാസത്തിൽ അവനെ അല്പം ശാസിക്കുന്നത്. കണ്ട് വിശ്വസിച്ച ശ്ലീഹാ അവന്റെ മുന്നിൽ മുട്ടുകുത്തി: "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന അപ്പോസ്തോലിക സത്യവിശ്വാസം പ്രഖ്യാപിച്ചു പറഞ്ഞു; സഹശിഷ്യന്മാരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു. എല്ലാവരും ഉത്ഥിതനായ കർത്താവിന്റെ മുന്നിൽ മുട്ടുകുത്തി തോമ്മാ ശ്ലീഹാ പ്രഖ്യാപിച്ച വിശ്വാസം ഏറ്റുപറഞ്ഞുവെന്ന് ഈ ദിവസത്തെ സെദ്റാകളിൽ നാം വായിക്കുന്നു.

'തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ നീക്കുകയും തന്റെ ഉയിർപ്പു മൂലം പാപവീഴ്ചയിൽ നിന്നും ഞങ്ങളെ എഴുന്നേല്പിക്കുകയും അർത്ഥഗർഭമായ മാളികയിൽ വച്ച് തന്റെ ശിഷ്യന്മാർക്ക് സ്വയം പ്രത്യക്ഷനാകുകയും വാതിൽ അടച്ചിരിക്കെ അവരുടെ പക്കൽ കടന്നുവന്ന് തന്റെ കരതലങ്ങളെയും വിലാവിനെയും കാണിച്ച് തന്റെ പുനരുത്ഥാനത്തെപ്പറ്റി അവരെ ദൃഢീകരിക്കുകയും അവരിൽ നിന്നും ഭയത്തെ നീക്കി അവർക്ക് ശാശ്വത സമാധാനം നൽകുകയും ചെയ്ത കർത്താവേ, വി. തോമ്മാ ശ്ലീഹായെപ്പോലെ നിന്നിലുള്ള പൂർണ്ണ വിശ്വാസത്തിൽ ഞങ്ങളെ ഉറപ്പിക്കണമേ" എന്നാണ് ഈ ദിനങ്ങളിലെ പ്രാർത്ഥന.

"നിങ്ങൾക്കു സമാധാനം, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്ന് പറഞ്ഞ് കർത്താവ് അവരുടെ മേൽ ഊതി അവരോടു: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു' എന്ന് പറഞ്ഞു. വി. സഭയിൽ വൈദികർക്ക് പട്ടം കൊടുക്കുമ്പോൾ ഈ ഭാഗം പ്രധാന കാർമ്മികൻ ദർഗ്ഗായിൽ നിന്ന് വായിക്കുകയും സ്ഥാനാർത്ഥിയുടെ മുഖത്ത് ഊതി അവന് പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്യുന്നത് വി. പട്ടംകൊട ശുശ്രൂഷയുടെ പ്രധാന ഭാഗങ്ങളിൽ ഒന്നാണ്.

പ്രിയമുള്ളവരേ,

പുതുഞായറാഴ്ചയുടെ ഈ എട്ടാം നാളിൽ നമ്മുടെ കാവൽപിതാവും ഭാരതത്തിന്റെ അപ്പോസ്തോലനും മലങ്കരസഭാ സ്ഥാപകനുമായ വി. മാർത്തോമ്മാ ശ്ലീഹായോടൊപ്പം ക്രിസ്തുവിനെ പൂർണ്ണമായി ഏറ്റുപറഞ്ഞ് പിൻപറ്റി സമാധാനത്തിന്റെ സുവിശേഷകരായി അവനാൽ അയയ്ക്കപ്പെട്ടവരായി ജീവിക്കുവാൻ അവൻ നമ്മെയും തുണയ്ക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ.

❑

## ബൈബിൾ ക്വിസ്

### (പുറപ്പാട് 9-12)

**ഫാ. റെജു എബ്രഹാം, മൗണ്ട് അബു**

1. കന്മഴ എത്രാമത്തെ ബാധ ആയിരുന്നു? (9.18)
2. ഏതു ദേശത്തു മാത്രമാണ് കന്മഴ ഉണ്ടാകാതിരുന്നത്? (9.26)
3. എട്ടാമത്തെ ബാധ എന്തായിരുന്നു? (10.4)
4. ഏറ്റവും അവസാനത്തെ ബാധ എന്തായിരുന്നു? (11.5)
5. യിസ്രായേൽ മക്കൾ എത്ര വയസ്സ് പ്രായമുള്ള ആട്ടിൻകുട്ടിയെയാണ് പെസഹായ്ക്ക് അറക്കേണ്ടത്? (12.5)
6. യിസ്രായേൽ മക്കൾ എത്ര ദിവസം പുളിപ്പില്ലാത്ത അപ്പം തിന്നണം എന്നാണ് യഹോവയായ ദൈവം കല്പിച്ചത്? (12.15)
7. ഏതു ചെടിയുടെ ഇല കൊണ്ടാണ് കുറുമ്പടിമേലും കട്ടളക്കാലിലും രക്തം പുരട്ടേണ്ടത്? (12.22)
8. യിസ്രായേൽ മക്കൾ കുട്ടികൾ ഒഴികെ എത്ര പേരാണ് മിസ്രയിമിൽ നിന്നു പുറപ്പെട്ടത് (12.37)
9. മിസ്രയിമിലെ ഏതു സ്ഥലത്തു നിന്നുമാണ് യിസ്രായേൽ മക്കൾ യാത്ര ആരംഭിച്ചത്? (12.37)
10. യിസ്രായേൽ മക്കൾ മിസ്രയിമിൽ കഴിച്ച പരദേശ വാസം എത്ര വർഷം ആയിരുന്നു? (12.40)

### ഉത്തരങ്ങൾ

1. ഏഴാമത്തെ
2. ഗോശെൻ ദേശത്തു
3. വെട്ടുക്കിളി
4. കടിഞ്ഞൂൽ സംഹാരം
5. ഒരു വയസ്സ്
6. ഏഴ് ദിവസം
7. ഈസോപ്പ് ചെടി
8. ഏകദേശം 6 ലക്ഷം
9. റമസേസിൽ നിന്ന്
10. 430



**യുകെ, യൂറോപ്പ് -ആഫ്രിക്ക ഭദ്രാസന മെത്രാപ്പോലീത്ത അഭി. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയ്ക്ക്**

**ജന്മദിന ആശംസകൾ**

**മെയ് 3**

Article

# Courage, Thy name is Thomas

Christ is Risen! Indeed He is Risen!

The Gospel reading for the New Sunday is from the Gospel of St John 20:19-29. Let us read the Gospel passage:

"Then, the same day at evening, being the first day of the week, when the doors were shut where the disciples were assembled, for fear of the Jews, Jesus came and stood in the midst, and said to them, "Peace be with you." When He had said this, He showed them His hands and His side. Then the disciples were glad when they saw the Lord.

So Jesus said to them again, "Peace to you! As the Father has sent Me, I also send you." And when He had said this, He breathed on them, and said to them, "Receive the Holy Spirit. If you forgive the sins of any, they are forgiven them; if you retain the sins of any, they are retained."

Now Thomas, called the Twin, one of the twelve, was not with them when Jesus came. The other disciples therefore said to him, "We have seen the Lord." So he said to them, "Unless I see in His hands the print of the nails, and put my finger into the print of the nails, and put my hand into His side, I will not believe."

And after eight days His disciples were again inside, and Thomas with them. Jesus came, the doors being shut, and stood in the midst, and said, "Peace to you!" Then He said to Thomas, "Reach your finger here, and look at My hands; and reach your hand here, and put it into My side. Do not be unbelieving, but believing."

And Thomas answered and said to Him, "My Lord and my God!"

Jesus said to him, "Thomas, because you have seen Me, you have believed. Blessed are those who have not seen and yet have believed." (NKJV)

"Let us also go, that we may die with Him." - (St John 11: 16); such was the response of St Thomas when the Lord decided to undertake the journey to Judaea knowing very well that trouble awaited them. We also note in the first verses of the above Gospel reading that the disciples (excluding St Thomas) were assembled in a room with doors shut for they feared the Jews. We do not where St Thomas was; but the rest of the disciples in the room feared for their lives. The man who needed to be convinced of the truth of resurrection may have been going around the city probing about the Risen Lord without concern for his safety.

It is then that the Lord appeared to the rest of the disciples and when the disciples told this encounter to Thomas, he wasn't entirely influenced.

The British poet, Alfred, Lord Tennyson wrote in 'The Memoriam':

"There lives more faith in honest doubt,

Believe me, than in half the creeds."1

St Thomas was brutally honest. He wasn't someone who would acknowledge something without being sure of it. It takes lot of courage to ask an honest doubt-our society since time immemorial has been known for belittling those who have asked doubts. The news of the resurrection sounded too good to be true. St Thomas had to be convinced. He didn't fear his doubts evoking laughter or sharp reactions from the other disciples. He wanted to put his finger into the print of the nails and his hand into the side of our Lord.

St Gregory the Great comments thus:

"The disbelief of Thomas has done more for our faith than the faith of the other disciples. As he touches Christ and is won over to belief, every doubt is cast aside and our faith is strengthened. So the disciple who doubted, then felt Christ's wounds, becomes a witness to the reality of the resurrection."2

Eight days later, Jesus Christ appeared again to all disciples. Our Lord exhorted St Thomas to believe the resurrection by putting his finger in His nails and to touch His side by his hand. There was no looking back for St Thomas. Overcome with love and devotion, he uttered the most beautiful and insightful proclamation: 'My Lord and My God'!




**Icon-The Belief of St Thomas**

This was Thomas, slow to believe, needed conviction but once convinced there was no stopping him. Perhaps this explains the Church Traditions that he may have traveled farther with the gospel than any of the other apostles.

I have cited many times the sermon by a priest-monk of the Indian Orthodox Church- Very Rev Sudha Paul Rambachan. Rambachan in one of his sermon reminisced that what brought him to Christianity was the conviction of his room-mate Christian friend who was undoubtedly sure that his Lord can heal the family member of their mutual friend. Unfortunately, this is the conviction that we are lacking in today's times.

There is also a legend that the two fingers of St Thomas were fused together and after touching the wounds of his Lord, the fused fingers got separated. Since St Thomas's hands had touched the Lord, the other Apostles kissed the hands of St Thomas and thus started the tradition of the kissing of hands of priests/bishops.

May the prayers of our spiritual father- Apostle St Thomas be a refuge for us and may it help us to walk on the right path with courage and conviction.

In Christ,

**Rincy John**

Ref:

1Alfred, Lord Tennyson, In Memoriam A. H. H. OBIIT MDCCCXXXIII: 96, https://www.poetryfoundation.org/poems/45349/in-memoriam-a-h-h-obiit-mdcccxxxiii-96, accessed on April 27,2019.

2Homily of St. Gregory the Great, Crossroads initiative, published on April 03, 2018 https://www.crossroadsinitiative.com/media/articles/doubting-thomas-2/, accessed on April 27,2019

സഭാപിതാക്കന്മാർ

# വി. മാർത്തോമാ ശ്ലീഹാ ഭാരതത്തിന്റെ അപ്പോസ്തോലൻ

വിപിൻ കെ. വർഗീസ്, സൗത്ത് പാമ്പാടി

വി. വേദപുസ്തകത്തിൽ ദിദിമോസ് തോമസ് എന്നും യൂദാസ് തോമസ് എന്നും അറിയപ്പെടുന്ന തോമസ് അപ്പോസ്തോലനാണ് ഭാരതത്തിൽ കർതൃസുവിശേഷം ഘോഷിച്ചത്. ആ പരിശുദ്ധ പിതാവിന്റെ നാമത്തിലാണ് നമ്മുടെ ഇടവകയും സ്ഥാപിതമായിരിക്കുന്നത്. പാലസ്തീനിലെ ഗലീലി തടാകത്തിന്റെ തീരത്തു ജനിച്ചു വളർന്ന തോമ്മായും കുടുംബവും മത്സ്യബന്ധനം തൊഴിലാക്കിയവരായിരുന്നു. വേദപുസ്തകത്തിൽ മാർത്തോമാ എന്ന ധീരനായ പിതാവിനെക്കുറിച്ച് പരിമിതമായ ചില പരാമർശങ്ങളേ ഉള്ളൂ. ലാസറിന്റെ മരണവാർത്തയറിഞ്ഞ് യേശുക്രിസ്തു ബഥാന്യയിലേക്ക് പോകുവാൻ ഒരുങ്ങിയപ്പോൾ ശിഷ്യന്മാർ തടയാൻ ശ്രമിച്ചു. എന്നാൽ ധീരനായ നമ്മുടെ അപ്പോസ്തോലൻ "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" എന്ന പ്രഖ്യാപനം വഴി ഗുരുവിനോടുള്ള സ്നേഹം പ്രകടമാക്കുന്നു. എന്നാൽ ധീരനായ തോമാശ്ലീഹാ ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരെ ആദ്യം സന്ദർശിച്ചപ്പോൾ സന്നിഹിതനായിരുന്നില്ല. തന്മൂലം അദ്ദേഹത്തിന്റെ പൗരോഹിത്യം, അവിശ്വാസം എന്നിവയെ പരാമർശിച്ച് ചിലർ ആ പിതാവിന്റെ ശ്രേഷ്ഠതയെ ഇടിച്ചു താഴ്ത്താൻ ശ്രമിച്ചു. എന്നാൽ യഥാർത്ഥ വസ്തുത മാർത്തോമാ പൈതൃക നേരവകാശികളായ മലങ്കര ഓർത്തഡോക്സ് സഭാ മക്കൾ അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്.

### മാർത്തോമാ ശ്ലീഹായുടെ പൗരോഹിത്യം

മാർത്തോമാശ്ലീഹായ്ക്ക് പട്ടത്വം ഇല്ല എന്നു പറയുന്നതിന് അടിസ്ഥാനമായി സ്വീകരിക്കുന്ന വേദഭാഗം വി. യോഹന്നാൻ 20:21–24 വാക്യങ്ങളാണ്. "യേശു പിന്നെയും അവരോട് നിങ്ങൾക്കു സമാധാനം. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു, ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല." പൗരോഹിത്യ അധികാരമായ പാപമോചനാധികാരവും പരിശുദ്ധാത്മാവിനേയും ശിഷ്യന്മാർക്ക് പ്രദാനംചെയ്തപ്പോൾ മാർത്തോമാശ്ലീഹാ ഉണ്ടായിരുന്നില്ല എന്നതുകൊണ്ട് മാർത്തോമാശ്ലീഹായ്ക്ക് പൗരോഹിത്യം ഇല്ലാ എന്ന് പറയുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ശിഷ്യസമൂഹത്തിന് മുഴുവനായും ആണ് ഈ അധികാരം നൽകിയത് എന്നതാണ്. അതായത് ഓരോ ശിഷ്യനേയും പേരെടുത്ത് പറഞ്ഞ് ഒരു അധികാരവും നൽകുന്നില്ല എന്നതുകൊണ്ട് തന്നെ മാർത്തോമാ ശ്ലീഹാ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിന് മുഴുവനായും ലഭിച്ച അധികാരം അദ്ദേഹത്തിനും ലഭിക്കുന്നതിൽ അസ്വഭാവികത ഒന്നും ഇല്ല. കൂടാതെ ഈ സംഭവത്തിന് ശേഷം സ്വർഗ്ഗാരോഹണവും കഴിഞ്ഞ് അപ്പോസ്തോലന്മാരും വിശ്വാസി സമൂഹവും കൂടിയിരുന്നപ്പോഴാണ് യൂദായ്ക്ക് പകരക്കാരനെ തിരഞ്ഞെടുത്തത്. അപ്പോസ്തോല പ്രവൃത്തികൾ 1:24–ൽ വി. മത്യാസിനെ തെരഞ്ഞെടുത്തതിനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സകല ഹൃദയങ്ങളേയും അറിയുന്ന കർത്താവേ, തന്റെ സ്ഥലത്തേക്ക് പോകേണ്ടതിന് യൂദാ ഒഴിഞ്ഞുപോയ ഈ ശുശ്രൂഷയുടേയും അപ്പോസ്തോലത്വത്തിന്റേയും സ്ഥാനം ലഭിക്കേണ്ടതിന് ഈ ഇരുവരിൽ ഏവനെ നീ തിരഞ്ഞെടുത്തിരിക്കുന്നു എന്നു കാണിച്ചു തരേണമേ എന്നു പ്രാർത്ഥിച്ചു അവർക്ക് ചീട്ടിട്ടു." അപ്പോസ്തോലൻ എന്ന പദത്തിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. അതായത് ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ. ഇങ്ങനെയുള്ള അപ്പോസ്തോലത്വത്തിലേക്കും ദൈവീകശുശ്രൂഷയിലേക്കും മത്യാസ് തിരഞ്ഞെടുക്കപ്പെടുകയും യഹൂദ്യ, എത്യോപ്യ, യറുശലേം എന്നിവിടങ്ങളിൽ സുവിശേഷം അറിയിക്കുകയും ചെയ്തു. കർത്താവ് തിരഞ്ഞെടുത്ത തോമസ് അപ്പോസ്തോലത്വത്തിന് അയോഗ്യനാവുകയും ശിഷ്യന്മാർ നറുക്കിട്ടെടുത്ത മത്യാസ് യോഗ്യനാവുകയും ചെയ്യുന്നു എന്നു പറയുന്നത് തന്നെ മഠയത്തരമാണ്.



കൂടാതെ ഇതിന് അനുകൂലമായ ഒരു തെളിവ് പഴയനിയമത്തിൽ ഉണ്ട്. സംഖ്യാ പുസ്തകം 11:24–29 വാക്യങ്ങൾ ഇതേ സാഹചര്യം വ്യക്തമാക്കുന്നു: "അങ്ങനെ മോശ ചെന്നു യഹോവയുടെ വചനങ്ങളെ ജനത്തോടു പറഞ്ഞു. ജനത്തിന്റെ മൂപ്പന്മാരിൽ എഴുപതു പുരുഷന്മാരെ കൂട്ടി കൂടാരത്തിന്റെ ചുറ്റിലും നിറുത്തി. എന്നാറെ യഹോവ ഒരു മേഘത്തിൽ ഇറങ്ങി അവനോട് അരുളിചെയ്തു. അവൻമേലുള്ള ആത്മാവിനെ കുറെ എടുത്തു മൂപ്പന്മാരായ ആ എഴുപതു പുരുഷന്മാർക്കു കൊടുത്തു. ആത്മാവ് അവരുടെമേൽ ആവസിച്ചപ്പോൾ അവർ പ്രവചിച്ചു. പിന്നെ അങ്ങനെ ചെയ്തില്ല താനും. എന്നാൽ ആ പുരുഷന്മാരിൽ രണ്ടുപേർ പാളയത്തിൽതന്നെ താമസിച്ചിരുന്നു. ഒരുത്തനു എൽദാദ് എന്നും മറ്റവനു മേദാദ് എന്നും പേർ. ആത്മാവ് അവരുടെ മേലും ആവസിച്ചു. അവരും പേരെഴുതിയവരിൽ ഉള്ളവരായിരുന്നു. എങ്കിലും കൂടാരത്തിലേക്ക് ചെന്നിരുന്നില്ല. അവർ പാളയത്തിൽ വച്ചു പ്രവചിച്ചു. അപ്പോൾ ഒരു ബാല്യക്കാരൻ മോശയുടെ അടുക്കൽ ഓടിച്ചെന്നു എൽദാദും മേദാദും പാളയത്തിൽ വച്ചു പ്രവചിക്കുന്നു എന്ന് അറിയിച്ചു. എന്നാറെ നൂന്റെ മകനായി ബാല്യം

മുതൽ മോശയുടെ ശുശ്രൂഷകനായിരുന്ന യോശുവ എന്റെ യജമാനനായ മോശയേ അവരെ വിരോധിക്കണമേ എന്നു പറഞ്ഞു. മോശെ അവനോട് എന്നെ വിചാരിച്ചു നീ അസൂയപ്പെടുന്നുവോ? യഹോവയുടെ ജനം ഒക്കെയും പ്രവാചകന്മാരാകയും യഹോവ തന്റെ ആത്മാവിനെ അവരുടെമേൽ പകരുകയും ചെയ്തെങ്കിൽ കൊള്ളായിരുന്നു എന്നു പറഞ്ഞു." തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നുവെങ്കിലും പാളയത്തിന് പുറത്തു വരാതെയിരുന്ന 2 പേർക്കും മറ്റുള്ളവർക്കു ലഭിച്ചതുപോലെ പരിശുദ്ധാത്മാവിനെ ലഭിച്ചതായും അവർ ഇരുവരും മറ്റുള്ളവരെപ്പോലെ പ്രവചിച്ചതായും വേദപുസ്തകം സാക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിലേക്ക് വിളിച്ചു വേർതിരിക്കപ്പെട്ട മാർത്തോമാശ്ലീഹായ്ക്കും പൗരോഹിത്യവും പാപമോചനാധികാരവും ലഭിച്ചു എന്നത് സ്പഷ്ടമാണ്.

ഇതു കൂടാതെ വി. യോഹന്നാന്റെ സുവിശേഷം 16:7-ൽ ഇപ്രകാരം പറയുന്നു: "ഞാൻ പോകുന്നതു നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും." ഇത് യേശു തന്റെ ശിഷ്യന്മാരോടു പറയുന്നതാണ്. ഇവിടെ കാര്യസ്ഥൻ എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചാണ്. ഇവിടെ യേശു എടുത്തു പറയുന്ന ഒരു വസ്തുത 'യേശു പോയില്ല എങ്കിൽ പരിശുദ്ധാത്മാവ് വരികയില്ല' എന്നാണ്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം മാത്രമേ പരിശുദ്ധാത്മാവ് ആവസിക്കുകയുള്ളു എന്നും ഇതിൽ നിന്നും മനസ്സിലാക്കാം. അപ്പോസ്തോലപ്രവൃത്തികൾ 2:1-4 വരെയുള്ള ഭാഗത്ത് പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിന്റെ മേൽ ആവസിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവം സ്വർഗ്ഗാരോഹണത്തിന് ശേഷമാണ് നടക്കുന്നത്.

### അവിശ്വാസിയായ തോമസ് (സംശയാലുവായ തോമാ)

മലങ്കരയിലുള്ള ചില നസ്രാണി മക്കൾ തങ്ങളുടെ പിതാവിനെ വിശേഷിപ്പിക്കുന്ന പദങ്ങളാണ് ഈ ഭാഗത്തിന്റെ തലക്കെട്ടായി നൽകിയിരിക്കുന്നത്. ആദ്യം സംശയാലുവായ തോമായെക്കുറിച്ചും യാതൊരു സംശയവും ഇല്ല എന്ന് പ്രഖ്യാപിക്കപ്പെടുന്ന മറ്റു ശ്ലീഹന്മാരെക്കുറിച്ചും വി. വേദപുസ്തകം എന്തു പറയുന്നുവെന്നു പരിശോധിക്കാം. യേശുക്രിസ്തു മനുഷ്യനായി ശ്ലീഹന്മാരോടൊപ്പം ഈ ലോകത്തിൽ ജീവിച്ച കാലത്തെ ക്കുറിച്ച് പ്രതിപാദിക്കുന്നത് നാല് സുവിശേഷഭാഗങ്ങളിലാണ്.

യേശുക്രിസ്തുവിന്റെ കബറടക്കത്തിന്ശേഷം നടന്ന സംഭവങ്ങൾ വി. മത്തായി 28:16, 17 വാക്യങ്ങളിൽ പ്രതിപാദിക്കുന്നതിപ്രകാരമാണ്: "എന്നാൽ പതിനൊന്നു ശിഷ്യന്മാർ ഗലീലയിൽ യേശു അവരോട് കല്പിച്ചിരുന്ന മലെക്ക് പോയി. അവനെ കണ്ടപ്പോൾ അവർ നമസ്ക്കരിച്ചു. ചിലരോ സംശയിച്ചു." ഇവിടെ യേശുക്രിസ്തുവിന്റെ കല്പനപ്രകാരം മലയിലേക്ക് ശിഷ്യന്മാർ പോകുന്നതായി പറയുന്നു. അവർ അവിടെ വച്ച് യേശുക്രിസ്തുവിനെ നമസ്കരിച്ചു. അവരിൽ ചിലർ യേശുവിനെ സംശയിച്ചതായും രേഖപ്പെടുത്തുന്നു. ഇവിടെ ചിലർ എന്നു ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് തന്നെ ഒന്നിലധികം പേർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ സംശയിച്ചിരിക്കാം. തോമാ ശ്ലീഹാ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാതെ വിശ്വസിക്കുകയില്ല എന്നാണ് പറഞ്ഞതെന്നും ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

വി. മർക്കോസ് 16:9-14-ൽ ഇപ്രകാരം പറയുന്നു: "അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ രാവിലെ ഉയിർത്തെഴുന്നേറ്റിട്ട് താൻ ഏഴ് ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയയ്ക്ക് ആദ്യം പ്രത്യക്ഷനായി. അവൾ ചെന്ന് അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞും കൊണ്ടിരിക്കുന്നവരോട് അറിയിച്ചു. അവൻ ജീവനോടിരിക്കുന്നു എന്നും അവൾ അവനെ കണ്ടു എന്നും അവർ കേട്ടാറെ വിശ്വസിച്ചില്ല. പിന്നെ അവരിൽ രണ്ടുപേർ നാട്ടിലേക്ക് പോകുമ്പോൾ അവൻ മറ്റൊരു രൂപത്തിൽ അവർക്കു പ്രത്യക്ഷനായി. അവർ പോയി ശേഷമുള്ളവരോട് അറിയിച്ചു. അവരുടെ വാക്കും അവർ വിശ്വസിച്ചില്ല. പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷനായി. തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തേയും ഹൃദയകാഠിന്യത്തേയും ശാസിച്ചു." മഗ്ദലക്കാരത്തി മറിയയ്ക്കും മറ്റു രണ്ടുപേർക്കും യേശു ഉയിർത്തെഴുന്നേറ്റ ശേഷം പ്രത്യക്ഷനായി. ഇവർ തങ്ങൾക്ക് പ്രത്യക്ഷനായ യേശുവിനെപ്പറ്റി മറ്റുള്ളവരോട് പറഞ്ഞെങ്കിലും അവർ വിശ്വസിച്ചില്ല. പൊതുവായിട്ടാണ് ശേഷമുള്ളവർ എന്നും അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞും കൊണ്ടിരുന്നവർ എന്നും പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതിൽ പതിനൊന്ന് ശിഷ്യന്മാർ (യൂദാ ഒഴികെ) ഉൾപ്പെട്ടിരുന്നുവെന്ന് പിന്നീടുള്ള വാക്യം വ്യക്തമാക്കുന്നു. താൻ ഉയിർത്തെഴുന്നേറ്റുവെന്ന മറിയയുടേയും മറ്റ് രണ്ടു പേരുടേയും വാക്കുകളെ വിശ്വസിക്കാത്ത പതിനൊരുവരെ യേശു ശാസിക്കുന്നു.

വി. ലൂക്കോസ് 24:8-11-ൽ ഇപ്രകാരം പറയുന്നു: "അവർ അവന്റെ വാക്ക് ഓർത്തു. കല്ലറ വിട്ടു മടങ്ങിപ്പോയി പതിനൊരുവർ മുതലായ എല്ലാവരോടും ഇതു ഒക്കെയും അറിയിച്ചു. അവർ ആരെന്നാൽ മഗ്ദലക്കാരത്തി മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയ എന്നവർ തന്നെ. അവരോടുകൂടെയുള്ള മറ്റു സ്ത്രീകളും അത് അപ്പോസ്തോലന്മാരോടു പറഞ്ഞു. ഈ വാക്ക് അവർക്ക് വെറും കഥപോലെ തോന്നി. അവരോ വിശ്വസിച്ചില്ല." ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ച് മഗ്ദലക്കാരത്തി മറിയയും മറ്റ് സ്ത്രീകളും ശ്ലീഹന്മാരോടു പറഞ്ഞുവെങ്കിലും അവർ അവരുടെ വാക്ക് വിശ്വസിച്ചില്ല എന്നാണ് വി. ലൂക്കോസ് രേഖപ്പെടുത്തുന്നത്.

തോമാശ്ലീഹായുടെ അവിശ്വാസത്തെക്കുറിച്ച് വി. യോഹന്നാൻ 20:24, 25 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു: "എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. മറ്റേ ശിഷ്യന്മാർ അവനോട് ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുത് കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്ന് അവൻ അവരോടു പറഞ്ഞു." ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നത് ക്രിസ്തുവിനെ നേരിൽ കാണാതെ വിശ്വസിക്കയില്ല എന്നാണ് തോമാ ശ്ലീഹാ പറഞ്ഞത്.

വി. യോഹന്നാൻ മാർത്തോമാശ്ലീഹായെ മാത്രം സംശയാലുവായി രേഖപ്പെടുത്തുമ്പോൾ വി. മർക്കോസും വി. ലൂക്കോസും ശിഷ്യസമൂഹത്തെ (11 പേരെയും) മുഴുവനായും സംശയാലുക്കൾ ആയി രേഖപ്പെടുത്തുന്നു. വി. മത്തായി ശിഷ്യന്മാരിൽ ചിലർ ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിട്ടു കണ്ടെങ്കിലും സംശയിച്ചതായും രേഖപ്പെടുത്തുന്നു. ഇതിൽ നിന്നു തന്നെ മാർത്തോമാശ്ലീഹാ മാത്രമല്ല സംശയാലു എന്നു വ്യക്തമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തെ അങ്ങനെ അധിക്ഷേപിക്കുന്നത് ശരിയുമല്ല.

### മാർത്തോമാശ്ലീഹായുടെ സിംഹാസനം

ശ്ലീഹന്മാർക്ക് ലഭിച്ച ശ്ലൈഹിക അധികാരത്തിന്റെ പ്രതീകമാണ് സിംഹാസനം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. സിംഹാസനം എന്ന പദംകൊണ്ട് ആദ്യം മനസിലെത്തുന്നത് രാജാവിന്റെ സിംഹാസനത്തോടു സമാനമായ ഒരു അധികാര കസേരയാണ്. കർതൃശ്ലീഹന്മാരിൽ ആർക്കെങ്കിലും സിംഹാസനം (കസേര) സ്ഥാപിച്ച് അതിലുപവിഷ്ടരായി ആത്മികഭരണം നിർവ്വഹിക്കാൻ തക്കതായ ഒരു സാഹചര്യം ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നില്ല എന്നതിനുള്ള ഏറ്റവും വലിയ തെളിവാണ് വി. യോഹന്നാൻ ഒഴികെ ഒരു ശ്ലീഹായ്ക്കും സ്വാഭാവികമരണം പ്രാപിക്കാൻ കഴിഞ്ഞില്ല എന്നുള്ളത്. അവർ എല്ലാവരും രക്തസാക്ഷികളാവുകയായിരുന്നു. യേശുക്രിസ്തു ശിഷ്യന്മാർക്കു നൽകിയ പട്ടത്വ അധികാരവും പാപമോചന അധികാരവും ആണ് ശ്ലൈഹിക സിംഹാസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ അധികാരങ്ങൾ ഇപ്പോഴത്തെ മേൽപ്പട്ടക്കാരിലും വൈദികരിലും എത്തിയത് ശ്ലൈഹിക കൈവയ്പു വഴിയാണ്. ഈ ശ്ലൈഹിക കൈവയ്പു നടത്താനുള്ള അധികാരത്തെയാണ് ശ്ലൈഹിക സിംഹാസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

അതുകൊണ്ട് തന്നെ മാർത്തോമാശ്ലീഹായുടെ സിംഹാസനം എന്ന പദപ്രയോഗത്തിൽ യാതൊരുവിധമായ അപാകതകളും ഇല്ല. ഈ പദം സഭയുടെ ആരംഭം മുതൽ ഉപയോഗിച്ചിരുന്നു. രേഖാപരമായ ആദ്യ തെളിവ് 1301-ൽ കൊടുങ്ങല്ലൂർ വെച്ച് ഒരു സഖറിയ ശെമ്മാശൻ പകർത്തിയെഴുതിയ കൽദായ സുറിയാനി വേദവായനക്കുറിപ്പ് പുസ്തകമാണ്. വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിക്കുന്ന പ്രസ്തുത പുസ്തകത്തിൽ അന്ന് ഭരിക്കുന്ന മെത്രാപ്പോലീത്തായെപ്പറ്റി 'ഞങ്ങളുടെ തലവനായ മാർ യാക്കോബ്, മാർത്തോമാശ്ലീഹായുടെ പരിശുദ്ധ സിംഹാസനത്തിന്റേയും (The Holy see of Apostle St. Thomas) ഇന്ത്യൻസഭ മുഴുവന്റേയും അദ്ധ്യക്ഷനും തലവനും' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1653 മുതൽ 1815 വരെ മലങ്കരസഭയെ നയിച്ച 8 മെത്രാൻമാരും മാർത്തോമാ എന്ന പേരാണ് മേൽപ്പട്ടസ്ഥാനമേറ്റപ്പോൾ സ്വീകരിച്ചത്. അവരിൽ പലരുടേയും യഥാർത്ഥ പേര് മറ്റൊന്നായിരുന്നു. ഇത് സഭാസ്ഥാപകനായ മാർത്തോമായുടെ

പൈതൃകം പിൻതുടരുന്നു എന്ന് സൂചിപ്പിക്കുവാനായിരുന്നു.

1817-ൽ മലങ്കര മെത്രാപ്പോലീത്തായായി പുന്നത്ര ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ (മാർ ദീവന്നാസ്യോസ് തൃതീയൻ) ആക്ടിംഗ് മലങ്കര മെത്രാപ്പോലീത്താ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സിനോസ് വാഴിച്ചപ്പോൾ നൽകിയ സ്ഥാത്തിക്കോനിൽ മാർ പീലക്സീനോസ് സ്വയം വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്: "തോമസ് അപ്പോസ്തോലന്റെ സിംഹാസനമാകുന്ന മലങ്കരയുടേയും ഇന്ത്യ മുഴുവന്റേയും സിംഹാസനത്തിൽ ഗീവറുഗീസ് എന്നു പേരുള്ള പീലക്സീനോസ് മെത്രാപ്പോലീത്താ." 1829-ൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസ്യോസ് (മാർ ദീവന്നാസ്യോസ് നാലാമൻ) തൊഴിയൂർ ഇടവകയുടെ ഗീവറുഗീസ് മാർ കൂറിലോസിന് നൽകിയ സ്ഥാത്തിക്കോനിൽ സ്വയം വിശേഷിപ്പിക്കുന്നതിപ്രകാരമാണ്: "ദൈവ കൃപയാൽ ഇന്ത്യയുടെ അതിർത്തിയിലുള്ള മലയാളത്തിൽ വസിക്കുന്ന ക്രിസ്തുവിന്റെ ആട്ടിൻകുട്ടികളുടേയും പെണ്ണാടുകളുടേയും ഇടയനും യാക്കോബായ സുറിയാനി ക്രിസ്ത്യാനി സമൂഹത്തിന്റെ പിതാവും പരിശുദ്ധനും ഭാഗ്യവാനുമായ മാർ തോമസ് അപ്പോസ്തോലന്റെ സിംഹാസനാരൂഢനുമായിരിക്കുന്ന ഫിലിപ്പോസെന്ന ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയനാം." മാർ ദീവന്നാസ്യോസ് നാലാമന് 1840-ൽ അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് അയച്ച കല്പനയിൽ മലങ്കരസഭയെ വിശേഷിപ്പിക്കുന്നത് "പരിശുദ്ധ അപ്പോസ്തോലനായ മാർത്തോമായുടെ സിംഹാസന ഇടവക" എന്നാണ്.

1848-ലെ കൊച്ചി പഞ്ചായത്ത് വിധിപ്രകാരം മലങ്കര മെത്രാൻ സ്ഥാനം പ്രാപിച്ച പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പരിശുദ്ധ മാർത്തോമാശ്ലീഹായുടെ സിംഹാസനം എന്ന സ്ഥാനം ഉപയോഗിച്ചിരുന്നു. 1846-ൽ മലങ്കരയിൽ എത്തി, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശവാദം ഉന്നയിക്കുകയും 1848-ലെ കൊച്ചി പഞ്ചായത്ത് വിധിമൂലം ആ സ്ഥാനം ലഭിക്കാതെ പോവുകയും ചെയ്ത അന്ത്യോഖ്യൻ മേൽപ്പട്ടക്കാരൻ യൂയാക്കീം മാർ കൂറിലോസ് മലങ്കര മെത്രാപ്പോലീത്തായെന്ന് അവകാശപ്പെട്ടുകൊണ്ട് അദ്ദേഹം സ്ഥാപിച്ച ഫോർട്ടുകൊച്ചി പള്ളിയിലെ തബ്ലൈത്തായിൽ "ഇന്ത്യയിലെ മാർത്തോമാശ്ലീഹായുടെ സിംഹാസനത്തിൽ യൂയാക്കീം കൂറിലോസ് മെത്രാപ്പോലീത്തായുടെ കൈകളാൽ" എന്നു സുറിയാനിയിൽ എഴുതി.

1857-ൽ മലങ്കര സന്ദർശിച്ച യറുശലേമിലെ സുറിയാനി പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് അബ്ദേദ് നുഹറോ റാക്കാട് പള്ളി സന്ദർശിച്ചതിന്റെ സ്മാരകമായി അദ്ദേഹം അവിടുത്തെ മദ്ബഹായിൽ സ്ഥാപിച്ച ശിലാരേഖയിൽ യുയാക്കീം മാർ കൂറിലോസിനെ "മലങ്കരയുള്ള മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ (മാർ ദീവന്നാസ്യോസ് അഞ്ചാമൻ) മലങ്കര മെത്രാപ്പോലീത്താ അധികാരമേറ്റതിനെക്കുറിച്ച് സഭാചരിത്രകാരനായ ഇടവഴിക്കൽ ഇ. എം. ഫിലിപ്പോസ് രേഖപ്പെടുത്തിയിരിക്കുന്നത് "മാർ ദീവന്നാസ്യോസ് അഞ്ചാമൻ മാർത്തോമാശ്ലീഹായുടെ സിംഹാസനത്തിൻമേൽ വാഴ്ച ഉറപ്പിക്കുകയും ചെയ്തു" എന്നാണ്.

ഈ വിധം ലഭ്യമായ പുരാതനരേഖകളും മാർത്തോമൻ പൈതൃകവും മാർത്തോമാശ്ലീഹായുടെ ശ്ലൈഹികസിംഹാസനം എന്ന പ്രയോഗത്തിന് സാക്ഷ്യം നൽകുന്നു.

❑

**ലേഖനം**

# മൺമറഞ്ഞ സഭാപ്രസിദ്ധീകരണങ്ങൾ

1. കേരളപതാക (1870)
2. ഇടവകപത്രിക (18921911: പത്രാധിപർ ഇ. എം. ഫിലിപ്പോസ്)
3. സുറിയാനി സുവിശേഷകൻ മാസിക (1902)

(ഇവ മൂന്നിൻറെയും സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ),

4. സഭാകാഹളം (1902: പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ),
5. ജീവനിക്ഷേപം (1905: കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പാ),
6. ആത്മപോഷിണി (1909: ഡീക്കൻ പി. ജോസഫ് കുന്നംകുളം),
7. കാതോലിക്കാ സഭ (1910: ഫാ. വി. ജെ. മാത്യൂസ് തിരുവനന്തപുരം),
8. വേദാദ്ധ്യാപകൻ (1910 ചിങ്ങം: കോട്ടയം),
9. മലയാള വിനോദിനി (1911: ഇ. എം. ഫീലിപ്പോസ് കോട്ടയം),
10. ബഥനി മാസിക (1921: പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ),
11. കഥാകൗമുദി (പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ),
12. സുറിയാനി സഭാ കാഹളം (1922: പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ),
13. സഭാദാസൻ മാസിക (1926: പത്രാധിപർ: കെ. കെ. തോമസ്, മുളന്തുരുത്തി),
14. സുറിയാനി സഭാ മാസിക (1927: കോട്ടയം),
15. വൈദികൻ (1929: ഫാ. കെ. പി. വർഗീസ്),
16. ഓർതൊഡോക്സ് സഭ മാസിക (1938: കെ. ഒ. ഫിലിപ്പ്, തിരുവല്ല),
17. പൗരപ്രഭ (1938: ഇസഡ്. എം. പാറേട്ട്),
18. The Star of the East (1939: Dr. C. T. Eapen, Sasthamkotta, Kollam; 1979-1997: Dr. Paulos Mar Gregorios)
19. മലങ്കര ക്രിസ്ത്യൻ മാസിക (1949: പത്രാധിപർ: ഫാ. വർഗീസ് വി. ചെമ്മണ്ണൂർ, ചേലക്കര)
20. മലങ്കര സുറിയാനി ക്രിസ്ത്യാനി സഭാ സംരക്ഷകൻ (1952: ഫാ. കെ. ഫിലിപ്പോസ്, കോട്ടയം)
21. ഇടവക പ്രബോധിനി (1961 :ഫാ. സി. സി. മാത്യൂസ്, തിരുവനന്തപുരം)
22. മലങ്കര സുറിയാനി സഭാ സംരക്ഷകൻ (ഇ. ജെ. ജോൺ വക്കീൽ)
23. സത്യപ്രകാശിനി
24. ശീമ വാർത്തകൾ (1965: അപ്രേം ആബൂദി റമ്പാൻ, മഞ്ഞനിക്കര )
25. സീയോൻ സന്ദേശം (1953: പത്രാധിപർ: ഫാ. എൻ. കെ. കോരുത്, പ്രസാധകൻ: പൗലോസ് മാർ സേവേറിയോസ്, കൊരട്ടി; 1972 പത്രാധിപർ: ഡീക്കൻ ജോസഫ് ചീരൻ, പ്രസാധകൻ: യൂഹാനോൻ മാർ സേവേറിയോസ്, കൊരട്ടി)
26. സണ്ടേസ്കൂൾ (1972 മാർച്ച് – 1973, കോട്ടയം)
27. മലങ്കര സേവകൻ (പത്രാധിപർ: ഇസ്സഡ്. എം. പാറേട്ട്, പുതുപ്പള്ളി)
28. ക്രൈസ്തവ സേവകൻ (പത്രാധിപർ: ജോർജ് വർഗീസ്, ഭിലായി)
29. ദി ഇന്ത്യൻ പാട്രിയർക്ക് (പത്രാധിപർ: ജോർജ് ചാക്കച്ചേരി, കോട്ടയം)
30. ഇൻഡിപെൻഡൻറ് കാതോലിക്കാ (1892 മകരം: പത്രാധിപർ: ഡോ. പിൻറോ. മലങ്കരസഭയുടെ ലത്തീൻ ശാഖയുടെ ഇംഗ്ലീഷ് ഭാഷയിലുള്ള മുഖപത്രം)
31. നമ്മുടെ സഭാ മാസിക
32. ഓർത്തഡോക്സ് ഹെറാൾഡ് (19821991: ഡോ. സാമുവൽ ചന്ദനപ്പള്ളി, ഫാ. കെ. എൽ. മാത്യു വൈദ്യൻ, തുടങ്ങിയവർ പത്രാധിപസ്ഥാനം വഹിച്ചു. പ്രസാധകൻ: ഷേബാലി, കോട്ടയം)
33. മലങ്കരദീപം (പ്രസാധകൻ: ഫാ. വർഗീസ് ക്ലേറി, പാലാ)
34. സീമത്ഹായെ (പത്രാധിപർ: കോനാട്ട് മാത്തൻ മല്പാൻ, പാമ്പാക്കുട. സുറിയാനി ഭാഷയിലുള്ള പ്രസിദ്ധീകരണം)
35. ഇടവകപത്രിക (1954: പത്രാധിപർ: ഫാ. വി. സി. ജോർജ്, പത്തനംതിട്ട. തുമ്പമൺ ഭദ്രാസന മുഖപത്രം)
36. സഭാമിത്രം (നിരണം ഭദ്രാസന മുഖപത്രമായിരുന്നു)
37. ഓർത്തഡോക്സ് യൂത്ത് (1958: യുവജന-വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ മുഖപത്രമായിരുന്നു. മാത്യൂസ് മാർ കൂറിലോസ്, ഫാ. ഡോ. കെ. എം. ജോർജ്, ഫാ. കെ. എൽ. മാത്യു വൈദ്യൻ, ഡോ. സാമുവൽ ചന്ദനപ്പള്ളി തുടങ്ങിയവർ പത്രാധിപസ്ഥാനം വഹിച്ചു. ഫാ. കെ. വി. ശമുവേൽ ചന്ദനപ്പള്ളി ദീർഘകാലം പ്രസാധകനായിരുന്നു)
38. നസ്രാണി മാസിക (19911992: പത്രാധിപർ: ജോയ്സ് തോട്ടയ്ക്കാട്, കോട്ടയം)
39. ഇടവകപത്രിക (കുന്നംകുളത്തു നിന്നും ഫാ. ജോസഫ് ചീരൻറെ പത്രാധിപത്യത്തിൽ 1995-2010 കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ചിരുന്നു)

(ലിസ്റ്റ് അപൂർണ്ണം)

# മലങ്കരയുടെ ഒന്നാം കാതോലിക്കാ അറിയപ്പെടാത്ത ഏടുകൾ

ഡോ. എം. കുര്യൻ തോമസ്

ഒരു നവയുഗത്തിന്റെ ഉദയത്തിനു കാരണഭൂതനാവുക, ആ ഒരൊറ്റ കാരണത്താൽ ജീവിതകാലത്തും, മരണശേഷവും ഒരുപറ്റം ആളുകളാൽ തേജോവധം ചെയ്യപ്പെടുക. ഈ ഭാഗ്യവും നിർഭാഗ്യവും അനുഭവിച്ച ഒരു മഹാത്മാവായിരുന്നു മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവാ.

കൊ. വ. 1088 (1912 എ.ഡി) ചിങ്ങം 31 നു സുറിയാനി കണക്കിൽ കന്നി 2ന് നിരണത്തു പള്ളിയിൽ വെച്ച് അദ്ദേഹം പൗരസ്ത്യ കാതോലിക്ക ആയി വാഴിക്കപ്പെട്ടപ്പോൾ എ. ഡി. 1653-ൽ മലങ്കരസഭ ആരംഭിച്ച സ്വാതന്ത്ര്യ സമരത്തിന്റെ പരിപൂർണവിജയമായിരുന്നു. മറ്റാരെയും ആശ്രയിക്കാതെ നിലനിൽക്കാനുള്ള കഴിവാണ് അന്ന് ലഭിച്ചത്. ആ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതകാലം മുഴുവൻ പട പൊരുതിയ മലങ്കര സഭാ ഭാസുരൻ വട്ടശ്ശേരിൽ മാർ ഗീവർഗീസ് ദീവന്യാസ്യോസ് മെത്രാപ്പോലീത്തായുടെയും 1912-ലെ കാതോലിക്കാ വാഴ്ചയ്ക്ക് നേതൃത്വം വഹിച്ച പ. അബ്ദൽ മ്ശീഹാ പാത്രിയർക്കീസിന്റെയും സേവനങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ ശക്തമായ എതിർപ്പ് വിളിച്ചു വരുത്തും എന്നറിഞ്ഞുകൊണ്ടു തന്നെ സഭയ്ക്കുവേണ്ടി- സഭയുടെ ആവശ്യപ്രകാരം-കാതോലിക്കാ സ്ഥാനം സ്വീകരിക്കാൻ തയ്യാറായ പ: ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായെപ്പറ്റി ഒരു ജീവചരിത്രമോ പഠനമോ സമീപകാലം വരെ ഉണ്ടായിരുന്നില്ല എന്നത് വേദനാജനകമായ ഒരു സത്യമാണ്. പക്ഷേ 1953-ൽ തന്നെ പി. എം പത്രോസ് മുളന്തുരുത്തി എന്ന വ്യക്തി പ: ബാവായുടെ ഒരു ജീവചരിത്രം എഴുതിയിരുന്നു എന്നത് പലർക്കും അറിവില്ലായിരിക്കാം. പ: ബാവായുടെ സഹോദര പൗത്രനായ മുറിമറ്റത്തിൽ ഗീവറുഗീസ് കത്തനാരുടെ വിശദീകരണക്കുറിപ്പുകളോടുകൂടിയ ടി കയ്യെഴുത്തുപ്രതി കണ്ടെടുത്ത് തന്റെ വിശദമായ ഗവേഷണ ഫലങ്ങളും കൂട്ടിച്ചേർത്ത് കണ്ടനാട് ഇടവകയുടെ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ 'മുറിമറ്റത്തിൽ ബാവാ, മലങ്കരയുടെ ഒന്നാം കാതോലിക്ക' എന്ന ഗ്രന്ഥം 1991-ൽ പ്രസിദ്ധീകരിച്ചതോടെ ഈ കുറവ് ഒരു പരിധി വരെ പരിഹരിക്കപ്പെട്ടു എന്നു പറയാം. വിമർശനബുദ്ധ്യാ ചിന്തിക്കുമ്പോൾ ചരിത്രപരമായ ഏതാനും ന്യൂനതകൾ ചൂണ്ടിക്കാട്ടുവാനുണ്ടെങ്കിലും കഥാപുരുഷന്റെ ത്യാഗനിർഭരവും പരിശുദ്ധവുമായ ജീവിതത്തെപ്പറ്റി വ്യക്തമായ ഒരു ഉൾക്കാഴ്ച നൽകാൻ ഈ ഗ്രന്ഥത്തിനു കഴിഞ്ഞിട്ടുണ്ട് എന്ന് നിസംശയം പറയാം.

കഥാപുരുഷന്റെ ജീവചരിത്രത്തെ ഒരിക്കൽകൂടി ചർവിത ചർവണം നടത്തുവാനല്ല തുനിയുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ അറിയപ്പെടാത്ത ചില ഏടുകൾ അവതരിപ്പിക്കാനും അദ്ദേഹത്തെപ്പറ്റിയുള്ള വിമർശനങ്ങളെ ചരിത്രദൃഷ്ട്യാ ഒന്നു പരിശോധിയ്ക്കുവാനുമാണ് ശ്രമിക്കുന്നത്.

**1. പൊതുവിന്റെ ആൾ**

കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ ദീർഘമായ 33 വർഷത്തെ ഭരണത്തിനിടയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം മലങ്കരയിലെങ്ങും സജീവമായിരുന്നു. നവീകരണക്കാരുമായുള്ള കേസിന്റെയും വഴക്കിന്റെയും മൂർദ്ധന്യാവസ്ഥയിൽ മലങ്കര മെത്രാപ്പോലീത്താ ജോസഫ് മാർ ദീവന്നാസ്യോസിനു താങ്ങും തണലുമായി ഇദ്ദേഹം പ്രവർത്തിച്ചു.

1902-ൽ പ: പരുമല തിരുമേനിയുടെ കന്തീല, കബറടക്കം എന്നിവയ്ക്ക്



ഓർമ്മ മെയ് 3-ന് പാമ്പാക്കുട ചെറിയപള്ളിയിൽ

പ്രധാന കാർമ്മികത്വം വഹിച്ചത് ഇദ്ദേഹമായിരുന്നു.[1] പ. പരുമല തിരുമേനിയുടെ ഒന്നാം ചരമവാർഷികത്തിനും[2] പ്രധാന കാർമ്മികൻ ഇദ്ദേഹമായിരുന്നു.

ഇതുപോലെ തന്നെ 1907-ൽ അങ്കമാലി -കോട്ടയം ഇടവകകളുടെ കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ കബറടക്കവും തിരുമനസ്സുകൊണ്ടാണ് നിർവഹിച്ചത്. കൂടാതെ അദ്ദേഹത്തിന്റെ നാല്പത് അടിയന്തിരം വരെയുള്ള കാലത്ത് അവിടെ താമസിച്ച് എല്ലാ കാര്യങ്ങളും നോക്കി നടത്തിയതും[3] അടിയന്തിരം നടത്തുന്നതിനുള്ള ആലോചനകളും അടിയന്തിരം നടത്തിയതും തിരുമനസിലെ നേതൃത്വത്തിലാണ്.

പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്യാസ്യോസിന്റെ (മാർ ദീവന്യാസ്യോസ് II) 1905-ലെ ആണ്ടുചാത്തം തന്റെ അഭാവത്തിൽ നടത്തുവാൻ മാർ ജോസഫ് ദീവന്യാസ്യോസ് (മാർ ദീവ

ന്യാസ്യോസ് V) ചുമതലപ്പെടുത്തിയത് ഇദ്ദേഹത്തെ ആയിരുന്നു. (ഇതു സംബന്ധിച്ച് തിരുമനസുകൊണ്ട് 1905 വൃശ്ചികം 27ന് കോട്ടയം പഴയ സെമിനാരിയിൽ നിന്നയച്ച കല്പന അന്യത്ര).

മേൽപ്പറഞ്ഞ മൂന്നു സംഗതികൾ സഭയുടെ പൊതുവായ കാര്യങ്ങളിലും തന്റെ ഭദ്രാസനത്തിനു പുറത്തുള്ള പ്രവർത്തനങ്ങളിലും തിരുമനസിന്റെ സാന്നിദ്ധ്യത്തിന്റെ ദൃഷ്ടാന്തം എന്ന നിലയിലാണ്.

**2. 'സ്ഥാനമോഹി അല്ലാത്ത സ്ഥാനി'**

മുറിമറ്റത്തിൽ ബാവാ ഒരിയ്ക്കലും ഒരു സ്ഥാനമോഹി ആയിരുന്നില്ല. 1877-ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് തന്നെ മെത്രാൻ സ്ഥാനത്തേക്കു വിളിച്ചപ്പോൾ ഒഴിഞ്ഞു മാറാൻ അദ്ദേഹം ആവുന്നത്ര ശ്രമിച്ചു.[4] 1912-ൽ മലങ്കരസഭ അദ്ദേഹത്തെ കാതോലിക്കാ സ്ഥാനത്തേയ്ക്ക് വിളിച്ചപ്പോഴും അദ്ദേഹം ഒഴിഞ്ഞു മാറി. പകരം തന്നേക്കാൾ യോഗ്യനാണ് കല്ലാച്ചേരിൽ പുന്നൂസ് റമ്പാനെന്നും (പിന്നീട് മലങ്കരയിൽ മൂന്നാം കാതോലിക്ക) അദ്ദേഹത്തെ വാഴിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു.[5] പക്ഷെ സഭയുടെ സമ്മർദ്ദത്തിനു വഴങ്ങി കാതോലിക്കാ സ്ഥാനം സ്വീകരിയ്ക്കുക എന്ന ത്യാഗം അദ്ദേഹത്തിനു ചെയ്യേണ്ടി വന്നു.

ഇവിടെ സ്വല്പം വിശദീകരണം ആവശ്യമുണ്ട്. കാരണം കാതോലിക്കാ സ്ഥാനം നൽകാം എന്ന വാഗ്ദാനത്തിൽ മോഹിതനായി ആണ് ഇദ്ദേഹം മാർ ദീവന്യാസ്യോസിന്റെ പക്ഷത്ത് ചേർന്നത് എന്ന് സ്ഥാപിയ്ക്കാൻ ചിലർ ശ്രമം നടത്തുന്നുണ്ട്.[6] ഈ വാദം തെറ്റാണെന്ന് തെളിയിക്കേണ്ടത് ആവശ്യമാണ് എന്നതിനാൽ ഇതു വിശദീകരിക്കാം.

ഒന്നാമതായി, വൃദ്ധനും രോഗിയുമായ തനിക്ക് ദീർഘകാലം കാതോലിക്കാ എന്ന നിലയിൽ ഭരിക്കാമെന്ന് അദ്ദേഹത്തിന് ഒട്ടും മോഹം ഉണ്ടായിരുന്നില്ല. കാതോലിക്കാ സ്ഥാനത്തേക്കുള്ള ക്ഷണം നിരസിച്ചപ്പോൾ അദ്ദേഹം അത് വ്യക്തമാക്കിയതാണല്ലോ.

രണ്ടാമത് വടക്കൻ പ്രദേശത്ത് പ്രത്യേകിച്ച് കണ്ടനാട് ഭദ്രാസനത്തിൽ നിർണായക സ്വാധീനമുള്ള കോനാട്ട് മാത്തൻ മല്പാന്റെ ശത്രുത പരസ്യമായി ക്ഷണിച്ചുവരുത്തുന്ന ഈ സ്ഥാന സ്വീകരണം തനിക്ക് ശത്രുതയും പ്രയാസങ്ങളും വർദ്ധിപ്പിക്കുകയേ ഉള്ളൂ എന്ന് അദ്ദേഹത്തിനു സ്പഷ്ടമായും അറിയാമായിരുന്നു.

മൂന്നാമതായി മലങ്കരയിലെ നിയമബന്ധിതമായ ഭരണക്രമത്തിൽ കാതോലിക്കായ്ക്ക് പരിമിതമായ അധികാരവും അവകാശങ്ങളുമേ ഉള്ളൂ എന്ന് അദ്ദേഹത്തിന് വ്യക്തമായും അറിയാമായിരുന്നു. കാതോലിക്ക എന്ന നിലയിൽ താൻ മേൽസ്ഥാനി ആണെങ്കിലും സഭയുടെ ലൗകിക ഭരണത്തിൽ താൻ പൂർണ്ണമായും മലങ്കരമെത്രാപ്പോലീത്തായ്ക്ക് വിധേയനാണെന്നും അദ്ദേഹത്തിന്റെയും മലങ്കര അസോസിയേഷന്റെയും നിർദ്ദേശപ്രകാരമല്ലാതെ തനിയ്ക്ക് യാതാരു അധികാരവും നടത്താൻ സാദ്ധ്യമല്ല എന്നും അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു. കാതോലിക്കായ്ക്കടുത്ത മെത്രാനഭിഷേകം, വി. മുറോൻകൂദാശ ഇവ പോലും മലങ്കര മെത്രാപ്പോലീത്തായുടെയും അദ്ദേഹം അദ്ധ്യക്ഷനായിരിക്കുന്ന സുന്നഹദോസിന്റെയും മലങ്കര അസ്സോസിയേഷന്റെയും നിർദ്ദേശപ്രകാരമല്ലാതെയും നിർവ്വഹിച്ചുകൂടെന്നു അദ്ദേഹത്തിനു നല്ല നിശ്ചയം ഉണ്ടായിരുന്നു. ഈ വസ്തുതകൾ പ. അബ്ദൽ മ്ശീഹാ പാത്രിയർക്കീസ് 1088 കന്നി 2നു നിരണത്തു പള്ളിയിൽ നിന്നും 1088 കുംഭം 8നു പരുമല സെമിനാരിയിൽ നിന്നും പുറപ്പെടുവിച്ച കല്പനകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

പിന്നെ എന്തുകൊണ്ട് കാതോലിക്കാസ്ഥാനം അദ്ദേഹം സ്വീകരിച്ചു? താൻ ഈ സ്ഥാനം സ്വീകരിക്കേണ്ടത് തന്റെ സഭയുടെ വളർച്ചയ്ക്കും കെട്ടുപണിക്കും അത്യാവശ്യമാണെന്ന് ബോദ്ധ്യം വന്നതിനാലും മലങ്കരസഭയുടെ ഐക്യകണ്ഠ്യേനയുള്ള തിരഞ്ഞെടുപ്പ് നിരസിക്കുന്നത് വിഹിതമല്ലാത്തതിനാലും മുറിമറ്റത്തിൽ ബാവ കാതോലിക്കാ സ്ഥാനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വട്ടശ്ശേരിൽ മാർ ദീവന്യാസ്യോസ് അയച്ച എഴുത്തിലെ വാക്കുകളിൽ പറഞ്ഞാൽ 'സ്ഥാനം സ്വീകരിക്കാതിരിക്കുന്നത് സഭയോട് ചെയ്യുന്ന ഒരു മഹാ പാതകമായിരിക്കുമെന്നും പിൻതലമുറ അതിനെപ്പറ്റി പശ്ചാത്തപിക്കാൻ ഇടവരുമെന്നും' മനസിലാക്കിയാണ് അദ്ദേഹം ഈ സ്ഥാനം സ്വീകരിച്ചത്.

**3. അഭിപ്രായ സ്ഥിരതയുള്ള പിതാവ്**



മുറിമറ്റത്തിൽ ബാവയെപ്പറ്റിയുള്ള മറ്റൊരാരോപണം അബ്ദുള്ള പാത്രിയർക്കീസ് തന്നെ കണ്ടനാട് ഭദ്രാസന ഭരണത്തിൽനിന്നു നീക്കിയതിനാലാണ് അദ്ദേഹം 'കൂറുമാറി'യത് എന്നാണ്. ഇവിടെയും സ്വൽപ്പം വിശദീകരണം ആവശ്യമാണ്. കാരണം അദ്ദേഹം ഒരിക്കലും കൂറുമാറിയിട്ടില്ല എന്നതു തന്നെ.

തന്റെ അന്ത്യകാലത്ത് മാർ ജോസഫ് ദീവന്യാസ്യോസ്, അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസിന്റെ വരവോടെ ഉണ്ടാകുമെന്നു ഭയപ്പെട്ട കലക്കം മറനീക്കി പുറത്തുവന്നത് 1085 വൃശ്ചികം 12 മുതൽ പഴയ സെമിനാരിയിൽ നടന്ന അസ്സോസിയേഷൻ യോഗത്തോടെയാണ്. ടി. യോഗത്തിൽ വെച്ച് മലങ്കരസഭയുടെ ലൗകീകാധികാരം രജിസ്റ്റർ ഉടമ്പടിയായി തനിക്ക് എഴുതി തരണമെന്ന് പാത്രിയർക്കീസ് ആവശ്യപ്പെട്ടു. അസോസിയേഷൻ അതു നിരസിച്ചതോടെ പാത്രിയർക്കീസ് കുപിതനായി. ഈ അവസരത്തിൽ 'പാത്രിയർക്കീസിനുള്ള അധികാരമെല്ലാം നമ്മൾ സമ്മതിച്ചിട്ടുണ്ട്. ഇല്ലാത്ത അധികാരമൊന്നും അവശ്യപ്പെടുന്നത് ശരിയല്ല എന്ന് ഞാൻ പാത്രിയർക്കീസിനെ പറഞ്ഞു സമ്മതിപ്പിക്കാം' എന്ന് മുറിമറ്റത്തിൽ ബാവ ഇലഞ്ഞിക്കൽ ഇ.ജെ. ജോൺ വക്കീലിനോട് പറയുകയും അപ്രകാരം പാത്രിയർക്കീസിനെ കാണാൻ വക്കീലിനെയും കൂട്ടി പുറപ്പെടുകയും ചെയ്തു.[8] ഇ.ജെ. ജോൺ, എം. എ ചാക്കോ എന്നിവർ വട്ടിപ്പണക്കേസിൽ നൽകിയ മൊഴിയിൽ ഈ വസ്തുതയുണ്ട്. എന്നാൽ അബ്ദുള്ളയുടെ കലക്കത്തിൽ ഉൾപ്പെടുകയില്ല എന്ന് മാർ ജോസഫ് ദീവന്യാസ്യോസിനോട് സത്യം ചെയ്ത മാർ പൗലൂസ് കൂറിലോസ് ഇതേ സംഗതി പാത്രിയർക്കീസിനോട് പറയണമെന്ന് ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞുമാറുകയാണുണ്ടായത് എന്നും മനസിലാക്കുമ്പോൾ മുറിമറ്റത്തിൽ ബാവയുടെ അഭിപ്രായ സ്ഥിരതയുടെ ആഴം ഊഹിക്കാമല്ലോ.

തുടർന്ന് ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാത്തതിനാൽ 1086 ഇടവം 18നു 30-ാം നമ്പർ കല്പനപ്രകാരം അബ്ദുള്ള പാത്രിയർക്കീസ് മാർ ദീവന്യാസ്യോസിനെ മുടക്കി. അന്യായമായ ഈ മുടക്കു വാർത്ത അറിഞ്ഞ മാർ ഈവാനിയോസും മലങ്കരസഭയിൽ അദ്ദേഹത്തെ കൂടാതെ അന്ന് ഇടവക ഭരണമുണ്ടായിരുന്ന ഏക മേല്പട്ടക്കാരനായ മാർ അൽവാറീസ് യൂലിയോസും 1086 മിഥുനം 2നു സംയുക്തമായി മുടക്കിനെ നിഷേധിച്ചും മാർ ദീവന്യാസ്യോസിനോട് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചുംകൊണ്ട് ഒരു കത്ത് പ്രസിദ്ധീകരിച്ചു.[9]

ലൗകീകാധികാരം സമ്മതിക്കാത്തതിന് മാർ ദീവന്യാസ്യോസിന് മുടക്ക് എന്ന ഉപഹാരം ലഭിച്ചതുപോലെ ഈ സംയുക്തകത്തിനും ഇരുവർക്കും ഉപഹാരം ലഭിക്കുകയുണ്ടായി. മാർ അൽവാറീസ് യൂലിയോസിനെ മുടക്കിയും മാർ ഈവാനിയോസിനെ ഭരണത്തിൽനിന്നു നീക്കിയും 1911 കന്നി 29 നു പാത്രിയർക്കീസ് കല്പന പുറപ്പെടുവിച്ചു.[10] രണ്ടു ദിവസത്തിനുശേഷം തുലാം 1 നു പാത്രിയർക്കീസ് മലങ്കര വിടുകയും ചെയ്തു. മാർ ദീവന്യാസ്യോസിന്റെ മുടക്കുപോലെ തന്നെ ഈ കല്പനകളും വെറും ജലരേഖകളായി പരിണമിച്ചു.

ഇതിൽ നിന്നും വ്യക്തമാകുന്നത് പ്രശ്നത്തിന്റെ ആരംഭം മുതൽ അവസാനം വരെയും മുറിമറ്റത്തിൽ ബാവയുടെ അഭിപ്രായം ഒന്നുതന്നെയായിരുന്നു എന്നാണ്. പാത്രിയർക്കീസിന്റെ ലൗകികാധികാരമോഹത്തെപ്പറ്റിയും അതിൽ നിന്നുളവായ മാർ ദീവന്യാസ്യോസിന്റെ മുടക്കിനെപ്പറ്റിയും അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ പരിശോധിച്ചാൽ മാർ ഈവാനിയോസിന്റെ 'കൂറുമാറ്റം' ചിലരുടെ ഭാവനാസൃഷ്ടി മാത്രമാണെന്നു കാണാം.

**4. വിട്ടുവീഴ്ചയില്ലാത്ത ഭരണാധികാരി**

ப. മുറിമറ്റത്തിൽ ബാവാ കാതോലിക്കാ സ്ഥാനത്തു പ്രവേശിക്കുന്നതിന് വളരെ മുമ്പുതന്നെ അദ്ദേഹം കണ്ടനാട് ഭദ്രാസനത്തിലെ പലരുടെയും കണ്ണിലെ കരടായിരുന്നു. വിട്ടുവീഴ്ചയും പക്ഷാഭേദവുമില്ലാത്ത അദ്ദേഹത്തിന്റെ നടപടികളായിരുന്നു അതിനു കാരണം. 1876-ൽ പ. പത്രോസ് ത്രിതിയൻ പാത്രിയർക്കീസ് വാഴിച്ച ആറു മെത്രാന്മാരുടെയും, മാർ ദീവന്നാസ്യോസ് അഞ്ചാമന്റെയും സ്വഭാവം കാച്ചിക്കുറുക്കി ഓരോ വരികളിലൊതുക്കി ഒരു കവിത അക്കാലത്ത് പ്രചരിച്ചിരുന്നു. ചട്ടം നടത്തുന്ന മുറിമറ്റം, മുട്ടിന്മേൽ നിൽക്കുന്ന ചാത്തുരുത്തി... എന്നിങ്ങനെയാണ് ആ കവിത പോകുന്നത്. വസ്തുനിഷ്ഠമായ ഈ സ്വഭാവ വിശകലനത്തിൽ നിന്നും അദ്ദേഹത്തിന്റെ നിയമവാഴ്ചയോടുള്ള ആഭിമുഖ്യം വ്യക്തമാകുന്നു. 1911-ൽ കോനാട്ട് മാത്തൻ മല്പാൻ തന്റെ നടപടിക്രമത്തിന്റെ ആമുഖത്തിൽ... പള്ളിക്രമങ്ങൾ നടത്തുന്നതിനു അദ്വിതീയൻ എന്നു എല്ലാവരാലും സമ്മതിക്കപ്പെട്ടിട്ടുള്ള മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി... എന്ന പരാമർശനം, പ. ബാവായുടെ പാണ്ഡിത്യത്തിനു മാത്രമല്ല, മുകളിൽ പറഞ്ഞ സ്വഭാവത്തിനും കൂടി തെളിവാണ്.

പ. മുറിമറ്റത്തിൽ ബാവായുടെ സ്വഭാവത്തിലേയ്ക്കും, കാതോലിക്കാ സ്ഥാനം ഏൽക്കുന്നതിനു മുമ്പ് അദ്ദേഹം നേരിടേണ്ടി വന്ന പീഡകളെപ്പറ്റിയും, അതിന്റെ കാരണങ്ങളെപ്പറ്റിയും പ. പരുമല തിരുമേനി വ്യക്തമായ സാക്ഷ്യം നൽകുന്നുണ്ട്. അദ്ദേഹം 1899 ഏപ്രിൽ 7-ന് അന്ത്യോഖ്യാ പാത്രിയർക്കീസിന് ചാവക്കാടുനിന്നും അയച്ച സുറിയാനി കത്തിൽ... ഈവാനിയോസ് ആബൂനെ കുറിച്ച് എനിക്ക് അറിയാവുന്നതിൽ നിന്ന് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ സത്യമായത് അതിൽ (മുമ്പ് പാത്രിയർക്കീസിനയച്ച കത്ത്) ഞാൻ നല്ലവണ്ണം എഴുതി അറിയിച്ചിരുന്നു. അദ്ദേഹം സത്യവാനാണ്, നുണയനോ, സൂത്രക്കാരനോ അല്ല. ദൈവത്തെയും തന്റെ ഉടയവനെയും ഭയക്കുന്ന ആളാണ്. തന്നെ സ്നേഹിക്കുന്നവനെ സ്നേഹിക്കുന്നവനും, വെറുക്കുന്നവനെ വെറുക്കുന്നവനുമാണ്. തന്റെ കൂടെ നില്ക്കാത്തവൻ വലിയവനും ധനവാനുമാണെങ്കിൽപോലും അദ്ദേഹം അവനെ വെറുക്കും; അക്കാര്യത്തിൽ മുഖപക്ഷം കാണിക്കാറില്ല. അതാണ് അദ്ദേഹത്തിന്റെ സ്വഭാവം.

അദ്ദേഹത്തെക്കുറിച്ച് പരാതി നല്കിയിരിക്കുന്നവർ സത്യമല്ല പറഞ്ഞിരിക്കുന്നത്. അദ്ദേഹം പള്ളികളിലെ ഭണ്ഡാരങ്ങൾ കുത്തിത്തുറന്ന് അവയിൽ നിന്നു പണം മോഷ്ടിച്ചു എന്നു കാണിച്ച് അങ്ങേയ്ക്ക് അയച്ച അവരുടെ പരാതിയിൽ അവർ നുണയാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അവരുടെ പരാതി ഞങ്ങൾക്ക് അയച്ചു തരുവാൻ അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ നല്ലവണ്ണം അന്വേഷിക്കാം. അപ്പോൾ അവരുടെ നുണ വെളിപ്പെടുകയും ഇനി മേലിൽ ആരും ഇത്ര ധൈര്യപൂർവ്വം നിർഭയനായി പരിശുദ്ധ പിതാവിന് നുണ എഴുതാതിരിക്കുകയും ചെയ്യും... എന്നിങ്ങനെ വിശദമായ സാക്ഷ്യമാണ് നൽകുന്നത്. കാതോലിക്കാ സ്ഥാനം ഏൽക്കുന്നതിനു പതിമൂന്നുവർഷം മുമ്പ് എഴുതിയ ഈ കത്തിലെ കാരണങ്ങൾ തന്നെയാണ് ജീവിതാന്ത്യം വരെ അദ്ദേഹത്തെ വേട്ടയാടിയത്.

**5. അഹറോന്റെ തളിർത്ത വടി**

പ. പത്രോസ് പാത്രിയർക്കീസ് മലങ്കരയിൽ ഇടവക മെത്രാന്മാരായി വാഴിച്ച ആറുപേരിൽ ഏറ്റവുമധികം കാലം ജീവിച്ചിരുന്നത് പ. മുറിമറ്റത്തിൽ ബാവായാണ്. മലങ്കര നസ്രാണികളിൽ ആദ്യമായി അത്യുന്നത മഹാപുരോഹിതനടുത്ത അഹറോന്റെ തളിർത്ത വടി പിടിക്കാനുള്ള ഭാഗ്യം ലഭിച്ചതും അദ്ദേഹത്തിനാണ്. മലങ്കരയിലെങ്ങും അംഗീകരിക്കപ്പെട്ടിരുന്ന, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ പിൻഗാമിയായി പരിഗണിച്ച, തങ്ങളിൽ പ്രായത്തിൽ ഏറ്റവും ഇളയവനായ, പ. പരുമല തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയില്ല. എന്നാൽ സ്വന്തജനം പരിത്യജിക്കാൻ ശ്രമിച്ച പ. മുറിമറ്റത്തിൽ ബാവാ അത്യുന്നത മഹാപുരോഹിതനായി. ഇതൊരു ദൈവിക പദ്ധതി അല്ലായെന്നു പറയാൻ സാധിക്കുമോ? പ. പരുമല തിരുമേനി ജീവിച്ചിരുന്നെങ്കിൽ തീർച്ചയായും ഈ സ്ഥാനത്തെത്തുക അദ്ദേഹമായിരുന്നു. എന്നാൽ പ. മുറിമറ്റത്തിൽ ബാവാ എന്ന പരിശുദ്ധനെ പരിത്യജിച്ചവർക്കുള്ള മറുപടിയായിരുന്നു ഈ ദൈവീക പദ്ധതി എന്നു പറയാമോ?

പ. മുറിമറ്റത്തിൽ ബാവാ, മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്ന നിലയിൽ ഉപയോഗിച്ചിരുന്ന അംശവടിയുടെ ഗതിയിലും ഈ ദൈവീക പദ്ധതി ദർശിക്കാം. ആ വടി പിന്നീട് നൽകിയത് സ്ലീബാദാസ സമൂഹ സ്ഥാപകൻ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസിനാണ്. തുടർന്ന് കോലഞ്ചേരിയിൽ വെച്ചു വാഴിക്കപ്പെട്ട തോമസ് മാർ തീമോത്തിയോസിനു (ഇപ്പോഴത്തെ പ. വലിയ ബാവാ) നൽകി. തുടർന്ന് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിനും. വിശദീകരണം ആവശ്യമില്ലാത്ത മഹാ പ്രയാണം.

മലങ്കരസഭാ ചരിത്രരചനയുടെ ഭീഷ്മാചാര്യനായ Z M. പാറേട്ടിന്റെ വാക്കുകളിൽ 'രക്തസാക്ഷിത്വം വഹിയ്ക്കാൻ ഒരുക്കമുള്ള നസ്രാണികൾ ഇരുപതാം നൂറ്റാണ്ടിലും ഉണ്ടെന്നു തെളിയിച്ച്' മുറിമറ്റത്തിൽ മാർ ഈവാനിയോസ് എന്ന പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവയുടെ ജീവിതത്തിന്റെ ആകത്തുക എന്തായിരുന്നു? തിരുമനസിലെ മാതൃ ഇടവകയായ കോലഞ്ചേരി പള്ളിക്കാർ 1912 വൃശ്ചികം 6നു കോട്ടയം ഡിവിഷൻ മജിസ്രേട്ടിനു നൽകിയ ഹർജിയിൽ നിന്നും ഉദ്ധരിക്കാം.

'മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കോലഞ്ചേരിപള്ളി ഇടവകക്കാരനായി ജനിച്ചുവളർന്ന് പ്രായവും യോഗ്യതയും ആയപ്പോൾ ആദ്യം ശെമ്മാശൂം പിന്നത്തേതിൽ വികാരിയും ശെമ്മാശന്മാരെയും പൈതങ്ങളെയും സുറിയാനി പഠിപ്പിച്ച് മല്പാനും ദയറോയോയെന്ന റമ്പാനും 42-ാം വയസിൽ മെത്രാപ്പോലീത്തയും ആയി ഈ പള്ളിയിൽ അധികമായി താമസിച്ചും വേറെ പള്ളികളിൽ ആവശ്യത്തിനുമാത്രം പോയി തിരികെ ഈ പള്ളിയിൽ വന്നു താമസിച്ചും വരവെ ഈയാണ്ടു ചിങ്ങമാസം സുറിയാനി കണക്കിൽ 11നു ശനിയാഴ്ച ഇവിടെനിന്നും പരുമല സെമിനാരിയിൽ ഒരു കമ്മട്ടികൂട്ടം ഉണ്ടായതിനു പോവുകയും അപ്പോൾ പള്ളിവകയിൽ രൂപ ഇല്ലാതിരുന്നതിനാൽ 15 രൂപ അദ്ദേഹത്തിന്റെ വഴി ചിലവിനും മറ്റുമായി ഞങ്ങൾ കടം വാങ്ങികൊടുക്കുകയും കമ്മട്ടിക്കാർക്കും ശു. പാത്രീയർക്കീസു ബാവാക്കും അദ്ദേഹത്തിന്റെ യോഗ്യതയ്ക്ക് ഒരുമേൽ സ്ഥാനം കൂടി വേണമെന്ന് അഭിപ്രായപ്പെട്ട് ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിന്റെ മാർ ബസേലിയോസ് കാതോലിക്കാ ബാവാ ആയി ശു. മാർത്തോമ്മാ അപ്പോസ്തോലനാൽ സ്ഥാപിയ്ക്കപ്പെട്ട നിരണത്തു പള്ളിയിൽ വെച്ച് മെത്രാപ്പോലീത്താമാർ റമ്പാൻമാർ വളരെ വികാരിമാർ, ശെമ്മാശന്മാർ വളരെ ജനങ്ങൾ കൂടി വിശുദ്ധ പാത്രിയർക്കീസു ബാവാ തൃക്കൈകളാൽ വാഴിക്കപ്പെട്ടു ഇതിനുള്ള പ്രമാണമായി സുസ്താത്തിക്കോനും കൊടുത്തു.[11]

**Bibliography**

1. പൊൻ ജൂബിലി സുവനീർ, പരുമല സെമിനാരി, Pp1952 26-27
2. മലയാള മനോരമ, 1903 നവംബർ
3. കാരുചിറ ഗീവർഗീസ് റമ്പാൻ (ബസേലിയോസ് ഗീവർഗീസ് I) 1907 ധനു 12 നു അയച്ച കത്തിൽ നിന്നും
4. മാർ ജോസഫ് പക്കോമിയോസ്, മുറിമറ്റത്തിൽ ബാവ, 1991 pp46-47
5. പറേട്ട്, Z.M മലങ്കരനസ്രാണികൾ Vol IV, 1969 pp450-451
6. കണിയാപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ, സുറിയാനി സഭ, 1982 p269
7. മാർ ജോസഫ് പക്കോമിയോസ്, മുറിമറ്റത്തിൽ ബാവ, 1991, pp116-122
8. പാറേട്ട്, Z.M മലങ്കരനസ്രാണികൾ Vol IV, 1969, pp 212-213
9. Ibid pp 586-587
10. a) Ibid pp 587
10. b) മാർ ജോസഫ് പക്കോമിയോസ്, മുറിമറ്റത്തിൽ ബാവ 1991-p 109
11. ഈ രേഖയുടെ പകർപ്പ് ലേഖകന്റെ കൈവശമുണ്ട്.

❑

സഭാപിതാക്കന്മാർ

# അപ്പോസ്തോലനായ സെബദിയുടെ പുത്രൻ യാക്കോബ്

## ഫാ. എ. എം. പൗലോസ് ആത്തുങ്കൽ

യാക്കോബ് എന്ന പദത്തിന്റെ അർത്ഥം "കുതികാലിൽ പിടിച്ചവൻ" എന്നാണ്. യേശുവിന്റെ ശിഷ്യന്മാരിൽ യാക്കോബ് എന്ന പേരുകാരായ രണ്ടു പേരുണ്ടെങ്കിലും സെബദിപുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബു തന്നെയാണ് അവരിൽ പ്രമുഖൻ. യാക്കോബിന്റെ മാതാപിതാക്കൾ സെബദിയും ശലോമിയുമാണെന്ന് ചരിത്രവും പാരമ്പര്യവും സാക്ഷ്യപ്പെടുത്തുന്നു. സെബദിയുടെ കുലത്തൊഴിൽ മീൻപിടുത്തമായിരുന്നു. പത്രോസും സെബദിയും പങ്കുകച്ചവടക്കാരായിരുന്നു. സെബദി ധനികനായ ഒരു മനുഷ്യനായിരുന്നുവെന്നാണ് പാരമ്പര്യം പറയുന്നത്. യാക്കോബിന്റെ അമ്മയുടെ പേര് ശലോമി എന്നാണ്. അവൾ പരിശുദ്ധ കന്യകമറിയാമിന്റെ സഹോദരിയായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു.

### യാക്കോബിന്റെ ജനനം, വിളി

പത്രോസിനെപ്പോലെ യാക്കോബും ഗലീലായിലെ ബേത്സയിദാക്കാരനാണ്. യോഹന്നാനേക്കാൾ മൂന്നോ നാലോ വർഷം പ്രായക്കൂടുതലുള്ള യാക്കോബ് ക്രിസ്തുവർഷാരംഭത്തിൽ ജനിച്ചതാണെന്ന് അഭിപ്രായപ്പെടുന്നു. ചെറുപ്പകാലത്തു തന്നെ പത്രോസിനെയും അന്ത്രയോസിനെയും പോലെ യാക്കോബും യോഹന്നാനും വിദ്യാഭ്യാസം നടത്തിയിരുന്നിരിക്കണം. ബേത്സയിദായിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അവർ പിതാവായ സെബദിയെ മീൻപിടുത്തത്തിൽ സഹായിച്ചിരുന്നു.

സുവിശേഷങ്ങളിൽ സെബദിപുത്രനായ യാക്കോബിനെക്കുറിച്ച് ഏഴു സ്ഥലങ്ങളിൽ പരാമർശമുണ്ട്. യാക്കോബിന്റെ വിളി, തെരഞ്ഞെടുപ്പ്, മറുപടി, വഞ്ചിയുപേക്ഷിക്കൽ, അനുഗമിക്കൽ തുടങ്ങിയവ സമവീക്ഷണ സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രോസിന്റെയും സെബദിയുടെയും നേതൃത്വത്തിൽ ഗന്നസരേത്ത് തടാകത്തിൽ മീൻ പിടിക്കുന്ന ഒരു മത്സ്യത്തൊഴിലാളി സംഘം പ്രവർത്തിച്ചിരുന്നു. അതിൽ ഒരാളായിരുന്നു യാക്കോബ് (ലൂക്കോസ് 5:10). യേശു തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ ഗലീലാക്കടൽത്തീരത്തു ചെന്ന് പത്രോസും അന്ത്രയോസും കടലിൽ വല വീശുന്നതു കണ്ട് അവരെ വിളിച്ചു. അവിടെ നിന്നും അല്പം മുമ്പോട്ടു പോകുമ്പോൾ യാക്കോബും യോഹന്നാനും പിതാവിനോടു കൂടെ വല നന്നാക്കുന്നതു കണ്ട് അവരെയും വിളിച്ചു. അവർ ഉടനെ വലയും വള്ളവും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. 'ഇനി മുതൽ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' (ലൂക്കോസ് 5:4-11) എന്ന വചനമാണ് യാക്കോബിനെ അധികം സ്വാധീനിച്ചത്.

ദൈവവിളി ലഭിക്കുന്നതിന് മുമ്പു തന്നെ യാക്കോബിന് യേശുവിനെ അറിയാമായിരിക്കണം. യാക്കോബിന്റെ സ്ഥലമായ ബേത്സയിദായും യേശു വസിച്ചിരുന്ന നസ്രേത്തും തമ്മിൽ 25 മൈൽ അകലമുണ്ടായിരുന്നു. എങ്കിലും യാക്കോബിന്റെ അമ്മയായ ശലോമിയും മറിയവും സഹോദരിമാരായിരുന്നതിനാൽ അവർ പരസ്പര സന്ദർശനം നടത്തിയിരുന്നു എന്നു വേണം ഊഹിക്കാൻ.

### യേശുവിന്റെ അരുമ ശിഷ്യൻ

ശിഷ്യന്മാരുടെ കൂട്ടത്തിൽ കർത്താവിനോട് ഏറ്റവും ഉറ്റബന്ധം പുലർത്തിയിരുന്ന മൂന്നുപേരിൽ ഒരുവനായിരുന്നു യാക്കോബ്. യാക്കോബിന്റെ സഹോദരനായ യോഹന്നാൻ എന്നാണ് അവനെപ്പറ്റി സുവിശേഷങ്ങളിൽ പലയിടത്തും പറഞ്ഞിരിക്കുന്നത് (മത്താ 4:20, 10:2, 17:1, മർക്കോ. 5:17). സെബദിയുടെ പുത്രനായ യാക്കോബ് യേശുവിന്റെ ശിഷ്യന്മാരിൽ നേതൃ




ഓർമ്മ മെയ് 1-ന്

സ്ഥാനം വഹിച്ച ഒരാളായിരുന്നു. പുതിയനിയമത്തിൽ ശ്ലീഹന്മാരുടെ നാലു പട്ടികകളിലും ആദ്യത്തെ മൂന്നുപേരിൽ ഒരാളാണ് യാക്കോബ്. മർക്കോസിന്റെ സുവിശേഷത്തിലെ ക്രമത്തിൽ പത്രോസ് കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം യാക്കോബിനാണ് (മർക്കോസ് 3:17).

ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നാണ് യേശു യാക്കോബിനേയും യോഹന്നാനേയും വിളിച്ചിരുന്നത്. അവർക്ക് ഈ പേരു നൽകാൻ കാരണമായ ഒരു സുവിശേഷ സംഭവമുണ്ടെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. യരുശലേമിലേക്ക് പോകുന്നവഴി യേശുവും ശിഷ്യന്മാരും സമരിയായിലൂടെ കടന്നുപോയി. സമരിയാക്കാരും യഹൂദരും ആ നാളുകളിൽ ശത്രുക്കളായിരുന്നു. അതുകൊണ്ട് അവർ യേശുവിനെ കൈക്കൊണ്ടില്ല. ഇത് കണ്ട് യാക്കോബും യോഹന്നാനും ചോദിച്ചു "കർത്താവേ, സ്വർഗ്ഗത്തിൽ നിന്നും അഗ്നിയിറക്കി ഇവരെ നശിപ്പിക്കട്ടെ" (ലൂക്കോസ് 9:51-56). എന്നാൽ യേശു അവരെ ശാസിച്ചു. ❑

യാക്കോബും യോഹന്നാനും തങ്ങളുടെ പ്രത്യേക നാമം സമ്പാദിച്ചത് ഇപ്രകാരമാണെന്ന് പറയപ്പെടുന്നു. സ്വർഗ്ഗത്തിൽ നിന്നും അഗ്നിയുടെയും ഇടിമുഴക്കത്തിന്റേയും മദ്ധ്യേ പ്രതാപവാനായിട്ടാണല്ലോ മനുഷ്യപുത്രൻ പ്രത്യക്ഷപ്പെടുന്നത്. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഇടിമുഴക്കം ദൈവസ്വരമാണ്. യേശുവിന്റെ പ്രവർത്തനങ്ങളും ദൈവരാജ്യ സന്ദേശവും അരുമശിഷ്യന്മാർ പോലും പലപ്പോഴും ഗ്രഹിച്ചിരുന്നില്ല. ദൈവരാജ്യത്തിന്റെ ആത്മീയ പാഠങ്ങൾ യേശു അവർക്ക് നൽകിയപ്പോൾ യാക്കോബ് ഉൾപ്പെടെയുള്ളവർ അതു കേവലം ഭൗതീകയാഥാർത്ഥ്യമായി മാത്രം മനസ്സിലാക്കി. അതു കൊണ്ടാണ് സെബദിപുത്രന്മാർക്കു വേണ്ടി അവരുടെ അമ്മ യേശുവിനോട് 'എന്റെ പുത്രന്മാരിൽ ഒരുവൻ നിന്റെ വലത്തും ഒരുവൻ ഇടത്തും ഇരിക്കാൻ അരുളിചെയ്യണമെ' എന്ന് ആവശ്യപ്പെട്ടത് (മത്തായി 20:20–28). കർത്താവ് അത് അംഗീകരിച്ചില്ല.

### യാക്കോബിന്റെ പ്രേഷിത പ്രവർത്തനം

യാക്കോബ് ശ്ലീഹാ സ്പെയിനിൽ ക്രിസ്തീയ വിശ്വാസം നട്ടുവളർത്തി എന്നൊരു വിശ്വാസമുണ്ട്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമായിരിക്കണം യാക്കോബ് സ്പെയിനിൽ പോയത്. യാക്കോബിന് കാര്യമായ പ്രതികരണമൊന്നും സ്പെയിനിൽ ലഭിച്ചില്ല. ഒരു ചെറിയ ഗണം മാത്രമാണ് അദ്ദേഹത്തിന്റെ വചനം കേട്ട് മാനസാന്തരപ്പെട്ടത്. ആ വേളയിൽ പരിശുദ്ധ മറിയം യാക്കോബു ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെടുകയും ശ്ലീഹായെ ആശ്വസിപ്പിക്കുകയും ചെയ്തുവെന്ന് പാരമ്പര്യം പറയുന്നു.

### യാക്കോബിന്റെ രക്തസാക്ഷിത്വം

യാക്കോബിനെക്കുറിച്ചുള്ള അവസാനത്തെ പരാമർശം അപ്പോ: പ്രവൃത്തി 12-ാം അദ്ധ്യായത്തിലാണ് നാം കാണുന്നത്. അക്കാലത്ത് ഹേറോദാസ് രാജാവ്, സഭയിൽപെട്ട യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാളിനിരയാക്കി. യാക്കോബിന്റെ രക്തസാക്ഷിത്വം ഹേറോദേസ് അഗ്രിപ്പായുടെ കാലത്തായിരുന്നു. അത് മിക്കവാറും എ. ഡി. 42-ൽ ആകാനാണ് സാധ്യത. കാരണം ഹേറോദേസ് മരിക്കുന്നതും എ. ഡി. 42-ലാണ്. ക്രിസ്തീയ സമൂഹത്തെ നിർമ്മാർജ്ജനം ചെയ്യാൻ ഹേറോദേസ് അഗ്രിപ്പാ രാജാവ് ആലോചിച്ചു. യാക്കോബും പത്രോസുമായിരുന്നു ആദിമ ക്രൈസ്തവ സമൂഹത്തിന്റെ തലവന്മാർ. തന്മൂലം അവരെ നശിപ്പിക്കാനാണ് രാജാവ് ആദ്യം ഉദ്യമിച്ചത്. അലക്സാണ്ട്രിയായിലെ ക്ലെമന്റ് യാക്കോബിന്റെ മരണം സംബന്ധിച്ച് ചില വിശദാംശങ്ങൾ നൽകുന്നുണ്ട്. റോമാക്കാരനല്ലാത്ത വ്യക്തികൾക്ക് സാധാരണ കുരിശുമരണമാണ് വിധിച്ചിരുന്നത്. യാക്കോബിന് റോമൻ പൗരത്വമുണ്ടായിരുന്നതുകൊണ്ടോ റോമൻ പൗരന്മാരുമായി ബന്ധമുണ്ടായിരുന്നതു കൊണ്ടോ ആകാം കുരിശുമരണം ലഭിക്കാതിരുന്നത് എന്ന് കരുതുന്നു. യഹൂദന്മാരുടെ പരമാധികാര സമിതിയായ സന്നദ്രീം സംഘത്തിന്റെ കല്പന അനുസരിച്ചാണ് യാക്കോബിനെ വധിച്ചത്. അദ്ദേഹത്തിന്റെ ശരീരത്തിലൂടെ വാൾ കടത്തിവിട്ട് ഏറെ വേദന സഹിച്ച് അദ്ദേഹം മരണം പ്രാപിച്ചു എന്നും പാരമ്പര്യമുണ്ട്. ശ്ലീഹാ ജറുശലേമിൽ രക്തസാക്ഷിത്വം വരിച്ചതിനുശേഷം ഭൗതികാവശിഷ്ടങ്ങൾ സ്പെയിനിലേക്കു കൊണ്ടുപോയതായി പറയപ്പെടുന്നു.

### യാക്കോബിന്റെ ഓർമ്മ

പൗരസ്ത്യ സഭകളുടെ ആരാധനക്രമങ്ങളിൽ ഏപ്രിൽ 30-നും പാശ്ചാത്യ സഭയിൽ ജൂലൈ 25-നുമാണ് ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നത്. ❑



Dr. Geevarghese Mar Yulios with Etheopian Church Members, after holy titurgy of the Feast of Resurrection of our Lord, at our St. Mary's Cathedral, Haus Khas, New Delhi.



**മാവേലിക്കര മെത്രാസന എം.ജി.ഒ.സി.എസ്.എം. പ്രവർത്തകർ പരിശുദ്ധ വലിയ നോമ്പിൽ ഉപവസിച്ച്, അതിന്റെ ഒരു വിഹിതം, അറനൂറ്റിമംഗലം പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവനിൽ ഈസ്റ്ററിനോട് അനുബന്ധിച്ചു നൽകുന്നു.**

## പെരുമ്പാവൂർ ബഥേൽ സുലോക്കോ പള്ളി ഭരണം കോടതി നിർദ്ദേശപ്രകാരം റിസീവർ ഏറ്റെടുത്തു

പെരുമ്പാവൂർ: ബഥേൽ സുലോക്കോ പള്ളി ഭരണം കോടതി നിർദ്ദേശ പ്രകാരം റിസീവർ ഏപ്രിൽ 26-ന് ഏറ്റെടുത്തു. ഇനി മറിച്ചൊരു കോടതി വിധി വരുന്നതുവരെ റിസിവരുടെ നിയന്ത്രണത്തിൽ ആയിരിക്കും പള്ളിയുടെ പ്രവർത്തനങ്ങൾ നടക്കുക.

ഏപ്രിൽ 25-ന് പള്ളിയിൽ എത്തിയ റിസീവർ ഇരു ഭാഗവുമായി ചർച്ച നടത്തി. ഇനി മുതൽ സുപ്രീം കോടതി വിധി അനുസരിച്ചു മാത്രമേ ആരാധനാ ക്രമീകരിക്കുവാൻ സാധിക്കുകയുള്ളു എന്നും, പാരലൽ അഡ്മിനിസ്ട്രേഷൻ പാടില്ല എന്നും അദ്ദേഹം അറിയിച്ചു.



"Subodhana" annually conducted training camp for heads of Schools under C&MD Management for 2019 was inaugurated this morning (Apr. 25, 2019) at "Samanvaya" Study Center, Pampakuda.

ലേഖനം

# ആരാധനാ സാഹിത്യവും സി. പി. ചാണ്ടി സാറും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കരസഭയിൽ ആരാധനാ സാഹിത്യത്തിനും ആരാധനാ ഭാഷയ്ക്കും പുതിയ ദർശനം പകർന്ന ക്രാന്തദർശിയാണ് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ. സുറിയാനി ഭാഷയിൽ നിലനിന്ന ആരാധന ക്രമങ്ങൾക്ക് മലയാളത്തിന്റെ സൗന്ദര്യവും ഭാഷാ ശൈലിയും യാഥാർത്ഥ്യമാക്കുവാൻ മുഖ്യ പങ്കാളിത്തം വഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. പദ്യത്തിലും ഗദ്യത്തിലുമുള്ള സുറിയാനി ആരധന ക്രമങ്ങളുടെ മലയാള തർജ്ജമ ശാസ്ത്രീയവും സാഹിത്യപരവുമായി അവതരിപ്പിക്കുവാൻ വെണ്ണിക്കുളം സഭാകവി സി. പി. ചാണ്ടിയുടെ സർഗ്ഗപ്രതിഭയും പ്രയോജനപ്പെടുത്തി. പഴയ സെമിനാരിയിൽ 1940 കളിൽ താമസിച്ച് സുറിയാനി-മലയാള ആരാധന ക്രമങ്ങൾ തയ്യാറാക്കുന്നതിന് ഇരുവരും കൂട്ടായി പ്രയത്നിച്ചു. ഇത് മലങ്കരസഭയിൽ മലയാള ആരാധന ക്രമങ്ങൾ വ്യാപകമാക്കുവാനും ഔദ്യോഗികമായി പിന്നീട് അംഗീകരിക്കപ്പെടുവാനും ഇടയായി. പ. മാത്യൂസ് പ്രഥമൻ ബാവായുടെ ധീരമായ നേതൃത്വവും നിശ്ചയ ദാർഢ്യവും ആരാധനാ ക്രമങ്ങളുടെ ക്രോഡീകരണത്തിൽ സമന്വയിച്ചപ്പോൾ 1980 കളോടെ മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധന ക്രമങ്ങൾക്ക് മലയാളത്തിൽ സമ്പൂർണ്ണ ലഭ്യതയും അംഗീകാരവും ലഭ്യമായി.

മലങ്കര ഓർത്തഡോക്സ് സഭയിൽ 'ആരാധനാ ഗാന'ത്തിന് മുഖ്യമായ സ്ഥാനമുണ്ട്. 'ആരാധനാ ഗാന'ങ്ങൾ സുറിയാനിയുമായി ബന്ധപ്പെട്ടതാണ്. പാശ്ചാത്യ സുറിയാനി (West syriac) പാരമ്പര്യം സഭയുടെ എല്ലാ ആരാധനയിലും പ്രകടമാണ്.

സുറിയാനി ആരാധനാ ഗാനങ്ങൾ അനുക്രമമായി വളർന്നത് അഞ്ചാം നൂറ്റാണ്ടിലാണ്. മാർ അപ്രേം (306-373), മാർ ബാലായി (380-420), മാർ യാക്കോബ് (451-521), മാർ ഇസഹാക്ക് (420-485), എഡേസയിലെ യാക്കോബ് (+ 708) മാർ സേവേറിയോസ് (465-538), ശെമവുൻ കൂക്കോയോ എന്നീ പിതാക്കന്മാരുടെ നിസ്തുലമായ സംഭാവനകൾ സുറിയാനി ഗാനത്തെ സജീവമാക്കി. ഏഴാം നൂറ്റാണ്ടു വരെ വളർച്ചയുടെ മുന്നേറ്റമായിരുന്നു. പിന്നീട് കാര്യമായ വികസനമുണ്ടാകുന്നത് പന്ത്രണ്ടാം നൂറ്റാണ്ടു മുതലാണ്. ദീവന്നാസിയോസ് ബർസ്ലീബിയും, ബാർ എബ്രായയും (1226-86) സുറിയാനി ആരാധനാക്രമങ്ങൾ തയ്യാറാക്കുന്നതിൽ അത്യധികം ശ്രദ്ധിച്ചു. സുറിയാനി ആരാധന സാർവ്വത്രികമായ ഘടന ഉൾക്കൊണ്ട പതിമൂന്നാം നൂറ്റാണ്ടാണു സുറിയാനി ആരാധനാ ക്രമങ്ങളുടെ സുവർണ്ണകാലം. പിന്നീട് സുറിയാനിയുമായി ബന്ധപ്പെട്ടുള്ള എല്ലാ രചനകളും സ്വതന്ത്ര തർജ്ജമകളോ, പദാനുപദ തർജ്ജമകളോ ആണ്.

**ആരാധനാസാഹിത്യം**

മലങ്കരസഭയിൽ നിലവിലുള്ളത് സുറിയാനി ആരാധനയുടെ തർജ്ജമകൾ മാത്രമാണ്. തനതായ പ്രാർത്ഥനകളോ കീർത്തനങ്ങളോ ഇനിയും രൂപപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സ്വതന്ത്രവും ദേശീയവുമായ സഭയെന്ന് അവകാശപ്പെടുമെങ്കിലും ആരാധന 'വൈദേശിക'മാണ്. പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും വൈദേശിക സ്വഭാവമുള്ളതാണ്. ആശ്രമപാരമ്പര്യത്തിൽ വികസിതമായ ആരാധനാ ശൈലിയായതിനാൽ മനുഷ്യന്റെ അടിസ്ഥാന ജീവിതപ്രശ്നങ്ങളും പ്രതിസന്ധികളും വിസ്മരിക്കുന്നു. സ്ത്രീ-പുരുഷ ബന്ധവും കുടുംബജീവിതവും 'പ്രലോഭനവും പാപ'വുമായിട്ടാണു ചിത്രീകരിച്ചിരിക്കുന്നത്! സ്വർഗ്ഗീയതയ്ക്കായി വാഞ്ഛിക്കുന്ന ആദ്ധ്യാത്മികതയാണു പാശ്ചാത്യസുറിയാനി ആരാധനയിൽ നിന്ന് ലഭ്യമാകുന്നത്. സുറിയാനിയിൽ നിന്നു ആരാധനാ ഗാനങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയെങ്കിലും അടിസ്ഥാനപരമായി നിറഞ്ഞുനിൽക്കുന്നതും 'സുറിയാനി' സ്വാധീനമാണ്. ഭാഷാന്തരത്തിലെ തനിമയും താളവും യുക്തി വൈചിത്ര്യങ്ങളും ഒരു പരിധിവരെ ആരാധനയെ



ഓർമ്മ മെയ് 4-ന് പത്തനംതിട്ട ബേസിൽ ദയറായിൽ

സജീവവും, സമ്പുഷ്ടവും, ഭക്തിസാന്ദ്രവുമാക്കുന്നു.

മലങ്കരയിലെ 'ആരാധനാ ഗാനങ്ങൾ'ക്ക് കാവ്യാത്മകതയും താളാത്മകതയും നൽകി ആരാധനാ സാഹിത്യമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് വെണ്ണിക്കുളം സി. പി. ചാണ്ടിയാണ്. അനിതരസാധാരണമായ കവിതാപാടവവും സർഗ്ഗാത്മകതയും ബഹുഭാഷാനിപുണതയും സമന്വയിക്കുന്ന പ്രതിഭാശാലിയായ സി. പി. ചാണ്ടിക്ക് ആശയങ്ങൾ സുലളിത പദവ്യന്യാസങ്ങളോടെ കോർത്തിണക്കുവാൻ അതീവ പ്രാഗത്ഭ്യമുണ്ട്. നിസ്തന്ദ്രവും കർമ്മനിരതവുമായ തപസ്യയാൽ സി. പി. ചാണ്ടി പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ആഴങ്ങൾ ലളിതസുന്ദരവും താളാത്മകവുമായി ഭക്തഹൃദയങ്ങളിൽ നിറയ്ക്കുന്നു. ഇവ ഉജ്ജ്വലതയുടെ ഉദാത്തമായ സൃഷ്ടികളാണ്. ഒരു പുരുഷായുസ്സു മുഴുവൻ ആരാധനാ സാഹിത്യത്തിനു ജീവിതം സമർപ്പണം ചെയ്ത സി. പി. ചാണ്ടിയുടെ സേവനങ്ങൾ നിസ്തുലവും അവിസ്മരണീയവുമാണ്.

ആരാധനക്രമങ്ങൾ മലയാളത്തിൽ ലഭ്യമാക്കുവാൻ പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായും പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവായും വിവിധ കാലങ്ങളിൽ സി. പി. ചാണ്ടിസാറിനെ പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാൽ എല്ലാ അർത്ഥത്തിലും ആരാധനക്രമങ്ങളുടെ ശാസ്ത്രീയമായ ഭാഷാന്തരത്തിന് നിസ്തന്തരമായി പ്രയത്നിച്ചത് മാത്യൂസ് പ്രഥമൻ ബാവായും സി. പി. ചാണ്ടിയുമാണ്. 1940 കളിൽ അദ്ദേഹം വട്ടക്കുന്നേൽ വി. കെ. മാത്യൂസ് ആയിരുന്നു. പിന്നീട് വൈദികനും മെത്രാപ്പോലീത്തായും കാതോലിക്കാബാവ ആയും ഉയർത്തപ്പെട്ടപ്പോഴും ആരാധന ക്രമങ്ങൾ ഭംഗിയായും ചിട്ടയായും നടത്തണമെന്ന് പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു സ്ലീബാ വന്ദനവിന്റെ ഗീതങ്ങൾ 1948-ൽ പ്രസിദ്ധീകരിച്ചപ്പോൾ അതിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: പരിഭാഷകൻ: ദിവ്യശ്രീ വി. കെ. മാത്യു കശ്ശീശ, വിവർത്തകൻ: സി. പി. ചാണ്ടി വെണ്ണിക്കുളം. ഇവർ ചേർന്ന് 1949 ൽ സ്ലീബാ മുതൽ കൃംതാ വരെയുള്ള ഞായറാഴ്ച നമസ്ക്കാരം ഭാഷാന്തരപ്പെടുത്തി. അതിൽ വട്ടക്കുന്നേൽ മാത്യു കശ്ശീശ പരിഭാഷകനും പ്രസാധകനും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വെണ്ണിക്കുളം സി. പി. ചാണ്ടി വിവർത്തകനാണ്. വിവിധ കാലഘട്ടങ്ങളിൽ പ. വട്ടശ്ശേരിൽ തിരുമേനി, കോനാട്ട് മാത്തൻ മൽപ്പാൻ, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവർ വിവർത്തനം ചെയ്ത പ്രാർത്ഥനകളും രചിച്ച ഗീതങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരാധന ക്രമങ്ങളിൽ സാഹിത്യത്തിന്റെയും സംഗീതത്തിന്റെയും അതിശക്തമായ സാന്നിദ്ധ്യമുള്ളതാണ് ശ്ലീഹാ നമസ്ക്കാരം. സുറിയാനി ശ്ലീഹാ നമസ്ക്കാരം വൃത്തഭംഗം വരാതെ പാടുവാൻ മൊഴിമാറ്റം നടത്തിയത് സി. പി. ചാണ്ടി സാറാണ്.

### ആരാധനാ സാഹിത്യം ആത്മീയദർശനത്തിന്

ആത്മീയ യാഥാർത്ഥ്യങ്ങൾ കാവ്യഭംഗി കലർന്ന ഭാഷയിൽ സൗന്ദര്യാത്മകമായി ആവിഷ്കരിക്കുന്നതും ഭക്തഹൃദയങ്ങളെ ആത്മീയ ദർശനത്തിലേക്കുയർത്താൻ പര്യാപ്തവുമായ ഒന്നാണ് ശ്ഹീമാനമസ്കാരം. പ്രഹേളികയുടേയും ഗൂഢാർത്ഥ കഥകളുടേയും പ്രതിരൂപാത്മകതയുടേയും ബ്രഹ്മവിദ്യയുടേയും യോഗാത്മകതയുടേയും സമന്വയീകൃതരൂപഭാവം പല വരികളിലും ദർശിക്കുവാൻ കഴിയും. മനുഷ്യഹൃദയങ്ങളിൽ ആദ്ധ്യാത്മിക ചിന്തയുണർത്തി ദൈവസന്നിയിലേക്കടുപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും ഈ കാവ്യാത്മകതയ്ക്ക് കഴിയുന്നുണ്ടെങ്കിലും വരികളിലെ ഇമേജിന്റെ ആന്തരാർത്ഥ തലങ്ങളിലേക്ക് ഭക്തന്മാർക്ക് പലപ്പോഴും കടന്നുചെല്ലുവാൻ കഴിയാതെ വരുന്നു. കാരണം ആത്മിക സന്തോഷത്തിന്റെയും പ്രത്യാശയുടെയും രക്ഷയുടെയും ദൂത് പകരുന്നയിത് സംഗീതപ്രദമാകയാൽ അനുവാചകർ വേറൊരു ബോധതലത്തിലേക്ക് ഉയരുകയാണ്. ഇത് ഭക്തിസാന്ദ്രമായി ആലപിക്കുമ്പോൾ അതിലടങ്ങിയിരിക്കുന്ന ഗൂഢാർത്ഥങ്ങളെക്കുറിച്ചോ അർത്ഥതലങ്ങളെക്കുറിച്ചോ ബോധവാന്മാരാകുന്നുണ്ടോയെന്നു സംശയിക്കുന്നു.

### രചനാശൈലി

ശ്ഹീമാനമസ്കാരത്തിൽ പ്രയോഗിച്ചിരിക്കുന്ന കല്പനാവൈചിത്ര്യങ്ങളും ഭാഷാപ്രയോഗങ്ങളും ഓർത്തഡോക്സ് ആരാധനയുടെ ശ്രേഷ്ഠത വെളിവാക്കുവാൻ സഹായിക്കുന്നു. സമ്പൂർണ്ണ ജനപങ്കാളിത്തമുള്ള ഓർത്തഡോക്സ് ആരാധന പ്രാദേശികഭാഷയിൽ ആക്കിയത് ഈ നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ മാത്രമാണ്. ഇത് മലയാള കീർത്തന സാഹിത്യ ശാഖകളുടെ അവസാന കാലഘട്ടം കൂടിയായിരുന്നു.

‘സുലളിത പദവിന്യാസ
രുചിരാലങ്കാര ശാലിനി
മധുരാമൃദുലാപി ഗഹനഭാവ’ എന്ന കോട്ടയത്തു തമ്പുരാന്റെ കവിതാരചന നിർവചനത്തിന് അനുസൃതമായി സുലളിതമായ പദക്രമങ്ങളോടു കൂടിയതും ശബ്ദാർത്ഥത്തിൽ രുചിരമായ അലങ്കാരങ്ങൾകൊണ്ട് സുന്ദരമാക്കിയതും മൃദുലമെന്നു തോന്നുമെങ്കിലും സങ്കീർണ്ണവും ഗഹനവുമായ ഭാവങ്ങളുൾക്കൊള്ളിച്ചിരിക്കുന്നതുമായ രചനാതന്ത്രമാണ് ശ്ഹീമാനമസ്കാരത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

നിത്യമുപയോഗിക്കുന്ന ലളിതമായ പദാനുക്രമമാണിതിൽ ഉപയോഗിച്ചിരിക്കുന്നതെങ്കിലും ആധുനികോത്തര കവിതകൾ പോലെതന്നെ സങ്കീർണ്ണവും വൈചിത്ര്യവുമാർന്ന വാങ്മയ ചിത്രങ്ങൾ, ചഞ്ചലഹൃദയനായ മനുഷ്യന്റെ ഉല്പത്തി, ന്യായവിധി, നരശക്തിയുടെ പരിമിതികൾ, പ്രതീക്ഷയുടേയും അഭിലാഷങ്ങളുടേയും അന്തമില്ലായ്മ, മനുഷ്യാവസ്ഥ തുടങ്ങിയവയെക്കുറിച്ചുള്ള വൈവിധ്യമാർന്ന ബിംബകല്പനകൾ, മിത്തുകൾ, മിസ്റ്റിക്കാശയങ്ങൾ, പ്രാസപ്രയോഗങ്ങൾ എന്നിവയിതിൽ അനായാസേന അനർഗ്ഗള സുന്ദരമായിട്ടാവിഷ്ക്കരിച്ചിരിക്കുന്നു.

### ആധുനിക മനുഷ്യന്റെ യഥാർത്ഥ ചിത്രങ്ങൾ

‘ജീവിക്കുമ്പോൾ ദൈവത്തെപ്പോലെ കല്പിക്കുകയും ജീവാന്ത്യത്തിൽ മൃഗമെന്നോണം മായുകയും ചെയ്യുന്ന’ മനുഷ്യന്റെ യഥാർത്ഥ ചിത്രം നോക്കൂ:

സ്വസ്നേഹിതനെ ‘വിഴുങ്ങുന്നു’
പാമ്പെന്നോണം മർത്യന്മാർ തമ്മിൽ കവരുന്നു.

അത്യാഗ്രഹം മൂർച്ഛിച്ച് സ്വസ്നേഹിതനെ എന്നല്ല സ്വന്തക്കാരെപ്പോലും നശിപ്പിക്കുവാൻ തയ്യാറാവുന്ന മനുഷ്യന്റെ സ്വാർത്ഥത ചിത്രീകരിക്കുന്നു:

‘കടലോരം വഴിപോകുമ്പോ-
ളന്യോന്യം വെട്ടിത്തിന്നും
മത്സ്യത്തെ ദർശി-ച്ചാർന്നേനാശ്ചര്യം
വിസ്മയസഹിതം നിൽക്കുമ്പോൾ-ചിന്തിച്ചേവം ഞാൻ
ഭുവനേ തമ്മിൽ ‘വിഴുങ്ങുന്നോ’-രുണ്ടീ മർത്യരിലും.’

ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ‘പരനെ വിഴുങ്ങുന്നെങ്കിൽ’ ന്യായവിധിക്കെത്താത്ത ജീവിയെ കുറ്റം പറയണമോ എന്നു ചോദിക്കുന്നത് എത്ര ശരിയായിരിക്കുന്നു.

നശ്വരമായ ‘ജീവിത’ത്തിന്റെ ആയുസ് വളരെ വിരളമെന്നോ നിസ്സാരമെന്നോ ചിന്തിക്കാത്ത മനുഷ്യനോടു പ്രഭാത പ്രദോഷങ്ങളിൽ: (സങ്കീ. 103:15).

‘പുല്ലിനുതുല്യം നരനുടെ നാൾകളഹോ
പൂക്കുന്നിതു വയലിൽ പൂ-ച്ചെടിപോലെ’ എന്നോർമ്മിപ്പിക്കുന്നു.

‘പൂച്ചെടി’യായും ‘പുക’യായുമുള്ള ആയുസ്സുമായി ജീവിക്കുന്ന മനുഷ്യൻ

## സഭാകവി സി. പി. ചാണ്ടി

വെണ്ണിക്കുളത്ത് ചക്കാലക്കുന്നേൽ ഫീലിപ്പോസ് ഉപദേശിയുടെയും അക്കാമ്മയുടെയും മകനായി 1916-ൽ (കുംഭം 13-ന്) ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ആലുവാ അദ്വൈതാശ്രമത്തിൽ നിന്നും ‘സംസ്കൃതം ശാസ്ത്രിയും’ 1945-ൽ തിരുവിതാംകൂർ സർവകലാശാലയിൽ നിന്ന് ‘സാഹിത്യ വിശാരദും’ കരസ്ഥമാക്കി. 1948-ൽ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായി പത്തനംതിട്ട ബേസിൽ ദയറായിൽ ചേർന്നു.

പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കല്പനപ്രകാരം 1945 മുതൽ സുറിയാനി ഗാനങ്ങൾ തർജ്ജമ ചെയ്തു. നാല്പതിലധികം വർഷത്തെ നിരന്തരശ്രമത്താൽ ശ്ഹീമാ നമസ്ക്കാരം, പെരുന്നാൾ ശുശ്രൂഷകൾ, കൂദാശാക്രമങ്ങൾ, കഷ്ടാനുഭവയാഴ്ച നമസ്കാരം, കഹനൈത്താ, പട്ടംകൊട തുടങ്ങി ആരാധനയ്ക്കുപയോഗിക്കുന്ന നിരവധി സുറിയാനിഗീതങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുകയും രചിക്കുകയും ചെയ്തു. മലയാളം, സംസ്കൃതം, സുറിയാനി എന്നീ ഭാഷകളിൽ അവഗാഹം നേടിയ സി.പി. ചാണ്ടിയെ ‘മലങ്കരയുടെ അപ്രേം’ എന്ന് പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ വിശേഷിപ്പിച്ചു.

1964-ൽ പ. ബസ്സേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ ‘സഭാകവി’ എന്ന സ്ഥാനം നൽകി ആദരിച്ചു. കാതോലിക്കേറ്റ് ഹൈസ്കൂൾ അദ്ധ്യാപകൻ, ഓർത്തഡോക്സ് വൈദിക സെമിനാരി മലയാളം അദ്ധ്യാപകൻ, തുമ്പമൺ ഭദ്രാസന ബാലസമാജം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇദ്ദേഹത്തിന്റെ രചനകൾ ഇതുവരെ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. ‘കുറുമൊഴികൾ’, ‘പരുമല തിരുമേനി’, ‘തിരഞ്ഞെടുത്ത പാട്ടുകൾ’, എന്നിവയാണു മുഖ്യ കൃതികൾ.

2005 മെയ് നാലിന് അന്തരിച്ചു. പത്തനംതിട്ട ബേസിൽ ദയറാ ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

കർമ്മനിരതമായ മേഖലകളിൽ നിന്നൊളിച്ചോടി അസ്വസ്ഥനും അസന്തുഷ്ടനുമായി ജീവിക്കുന്നു. അവൻ ജീവിക്കുന്ന ലോകമോ 'കപടതപെരുകി' 'ഇരുളിൽ കിടന്ന്' ഐഡന്റിറ്റിക്കുവേണ്ടി പരക്കം പായുകയാണ്. എന്തനീതിയും ചെയ്തു ദുഷ്ടമാർഗ്ഗത്തിലേക്കു തിരിയുന്ന ലോകം അന്ത്യകാലത്ത് എത്തുമ്പോഴേക്കും:

ഈറ്റിൻ നോവാൽ സ്ത്രീയെന്നോണം കേഴും ധാത്രി
ശണ്ഠകളാലും പോരുകളാലും വീഴാറാകും
.....................................................................
.....................................................................
അന്നാളയ്യോ തമ്മിലെതൃക്കും മാനവലോകം
നാടുകളെല്ലാം മുടിയും പുരികൾ വിറകൊണ്ടിടും.

എത്ര ഭയാനകമായ ഒരു രംഗമാണ് വർണ്ണിച്ചിരിക്കുന്നത്. എന്നാൽ ഇങ്ങനെയുള്ള ഒരന്ത്യകാലത്തെത്തി മർത്യൻ പീഡയനുഭവിക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനുവേണ്ടി മനുഷ്യർ അനുതാപപൂർവ്വം ദൈവിക സംസർഗ്ഗത്തിലെത്തിച്ചേരുന്നതിനുവേണ്ടി പ്രേരിപ്പിക്കുന്നു.

'പാപിയുണരുകനീ-അനുതാപത്തിനായ്
തരമുള്ളപ്പോൾ കണ്ണീരാൽ നെടുവീർപ്പാൽ നീ
മാലിന്യങ്ങളെ മായിക്ക.
വേഗം ക്ഷമനേടാനാഗ്രഹമുണ്ടെങ്കിൽ
ദൈവസമക്ഷം-സങ്കടപൂർവ്വം കേഴുക നി-
ന്നപരാധങ്ങളെമായിക്കും' എന്നു വ്യക്തമായി ഉപദേശിക്കുന്നതോടൊപ്പം,

'നീചന്മാരിലസൂയ നിനക്കുണ്ടാകരുതെ
ദുഷ്ക്കർമ്മികളിൽ വൈരമതു
ദൈവത്തിൽ പ്രത്യാശയോടെ ചെയ്യുക നന്മ
ഊഴിയിൽ മരുവിത്തിരയുക നീ വിശ്വാസം' എന്നും പ്രബോധിപ്പിക്കുന്നു. പാപി അനുതാപത്തോടെ പ്രാർത്ഥിക്കേണ്ട രീതി മനസ്സിലാക്കി കൊടുക്കുന്നത് ശ്രദ്ധേയമത്രെ:

'പ്രാർത്ഥിപ്പാൻ നീ നിൽക്കുമ്പോൾ-സന്താപത്തോടേകാഗ്രം
ചിന്തകളെക്കടിഞ്ഞാണിട്ട്-ചിത്തത്തിൽ നിർത്തീടേണം
നിൻവായ് ധൂപത്തിൻകലശം-നിന്നധരം ധൂപം ഹൃദ്യം
ദൈവത്തെ പ്രീണിപ്പിക്കും-നാവോ ശുശ്രൂഷക്കാരൻ.'

അങ്ങനെ അനുതാപത്തോടെ ഏകാഗ്രചിത്തനായി ദൈവിക സന്നിധിയിലെത്തുന്ന പാപിക്ക് തന്റെ അസ്തിത്വത്തെക്കുറിച്ച് ബോധ്യമുളവാകുന്നു. അപ്പോളവൻ ദുഃഖത്തോടെ 'നിൻ പ്രതിരൂപത്തെ നിത്യാഗ്നിക്കായ് വെടിയരുതേ' എന്നും 'പരിചിതരുടെ പരിഹാസത്തിനു പാത്രമതാവാൻ ഈയുള്ളോനേപ്പകയനു വിട്ടുകൊടുക്കരുതേ' എന്നും കേണപേക്ഷിക്കുന്നു. 'മറ്റൊരു വാതിൽ മുട്ടിവിളിപ്പാനില്ലാതായ മനുഷ്യൻ അവസാനം തന്റെ നിസ്സഹായത' വെളിവാക്കുന്നു.

പുകപോലെൻ നാളുകളില്ലാതായി
എന്നസ്ഥികൾ വെണ്മയണിഞ്ഞു,
വെണ്ണീർ പോലെ.....

**കല്പനാവൈചിത്ര്യങ്ങൾ**

ക്രൈസ്തവമിത്തുകൾ ഇന്നാധുനിക മലയാള സാഹിത്യാദി കലകളിൽ പ്രാമുഖ്യം നേടിക്കൊണ്ടിരിക്കുകയാണ്. യുവകവികളും സാഹിത്യകാരന്മാരും ക്രൈസ്തവമിത്തുകളിൽ നിന്ന് കാവ്യാത്മക ബിംബകല്പനകൾ സ്വീകരിക്കുന്ന പ്രവണതയേറി വരുന്നു. ശ്ഹീമാ നമസ്കാരത്തിന്റെ ആദ്യമദ്ധ്യാന്തങ്ങളിൽ അനുസ്യൂതമായി മിത്തുകളുടെ പ്രവാഹം 'വാക്കുകളുടെ കല' കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പഴയ-പുതിയ നിയമങ്ങളിൽ കാണുന്ന യഥാർത്ഥ ചിത്രങ്ങൾ, ചരിത്രസ്മരണകൾ, പ്രവചനങ്ങൾ എന്നീ മിത്തുകൾ കാവ്യബിംബത്തിൽ കോർത്തിണക്കിയിരിക്കുന്നു.

സഹദേന്മാർ അനുഭവിച്ച പീഡകളുടെ കാഠിന്യം 'മുന്തിരിക്കുല'യ്ക്കുണ്ടാകുന്ന പരിവർത്തനമായി വർണ്ണിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.

'സഹദേന്മാരെ മുന്തിരിതൻ-കുലയെന്നവിധം
'ന്യായാധിപരിട്ടുപിഴിഞ്ഞു'-
രുധിരം ധരയിലൊഴുക്കി.'

'ന്യായാധിപരിട്ടുപിഴിഞ്ഞു' എന്ന പദപ്രയോഗം കൊണ്ട് സഹദേന്മാർ അനുഭവിച്ച പീഡകൾ മുഴുവൻ വ്യക്തമാകുന്നു.

ദൈവപുത്രൻ കന്യകയിൽ 'കന്യാമുദ്രയ്ക്ക് ഭംഗം വരാതെ ജാതം ചെയ്തു' എന്നത് വൈചിത്ര്യമാർന്ന ബിംബാത്മകത കൊണ്ട് (പ്രവചനസൂക്തങ്ങൾ) ക്രോഡീകരിച്ചിരിക്കുന്നു. 'പൂട്ടിയ വാതിലും', 'പൂട്ടിയ തോട്ടവും', 'പുരിയും', 'വിത്തില്ലാതെ മുളച്ച സസ്യവും', 'മറിയാമിന്റെ കാതിലെ വിത്തുവിതയും', 'നദിയെ മരുവിലൊഴുക്കിയ പാരയും' കന്യാത്വത്തിന്റെ പ്രതീകങ്ങളാണ്. എന്നാൽ കന്യാത്വത്തെ ആക്ഷേപിക്കുന്നവരോട്:

'കുഞ്ഞാടിനെ വൃക്ഷം നൽകി
തീക്കൽപ്പാറ ജലംനൽകി
എസ്തീറാ മത്സ്യവുമേകി' എന്നീ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ട് ദൈവത്താൽ അസാധ്യമായത് ഒന്നുമില്ലായെന്നു സ്ഥാപിക്കുന്നു. ശബ്ദാർത്ഥ-പ്രാസപ്രയോഗങ്ങൾക്കൊത്ത ആശയ പ്രകാശനം നടത്തുവാനും വരികൾക്കു കഴിയുന്നുണ്ട്.

ഉദാ:

1. ഋജുമതികൾക്കിരുളിൽ ദ്യുതിയുളവായി....
2. ദ്യുതിയേ! ദ്യുതിതനയാ! ദ്യുതിയിലഹോ നിവസിപ്പോനേ....
3. കുസുമ വിദൂഷിത നീസോനാം-മാസം പോലെ....
4. നിർമലമാമുദരെ നിർമ്മലമായ്...
5. ഉദയേ കടലിന്നുടയോനെ-കരയിൽ കണ്ടു ശിഷ്യന്മാർ....
6. പന്തിരുതൂണുകളീ-ധരയെ താങ്ങുന്നു....
7. രാവിൽ കീപ്പാ തടവീന്നും വിടുതൽ-പ്രാപിച്ചു....

ഒരു സമയത്തു മാത്രം പ്രകാശം പരത്തുവാൻ കഴിവുള്ള സൂര്യചന്ദ്രന്മാരെക്കാൾ പ്രഭാവവാനായി മാർത്തോമ്മാശ്ലീഹായെ വർണ്ണിച്ചിരിക്കുന്നു.

'പകലോൻ പകലൊളിതൂകുന്നു
പനിമതിരാവിൽ
നീ രാപകൽ മിന്നിടുന്നു.'

കന്യകമറിയാമിന്റെ സൗന്ദര്യത്തെ സൂക്ഷ്മമായി ചിത്രീകരിച്ചിരിക്കുന്നു.

'മറിയാം തന്നെ തന്മുഖമോർത്താൽ ശോഭാപൂർണ്ണം
ഭാഷിക്കുമ്പോൾ ചുണ്ടുകളീന്നും സൂര്യനുദിപ്പൂ!'

ക്രൈസ്തവ ജീവിതമൂല്യ ദർശനവും കവിഭാവനയും കൂടി സമന്വയിച്ചപ്പോൾ ഉടലെടുത്ത ഈ വാങ്മയങ്ങൾക്ക് പുതിയൊരു കാവ്യാവബോധം വളർത്തി എടുക്കുന്നതിനു സാധിക്കുന്നു.

പ്രായംകൂടിയ കഴുകൻ, മുൾമരമെരിയാതെരീതിതൻ നടുവിൽക്കണ്ട ചിന്മയൻ, ആകാശത്തിനും മൂഴിക്കും തണലായിരിക്കുന്ന ബലവാൻ, പൂർവ്വിക വയോധികൻ, മുന്തിരിയും-മുന്തിരിക്കുലയും, കന്യകയും-കന്യാമുദ്രയും, പനിമതിയും-പനിമഞ്ഞും, മണവാളനും-മണവറയും നവീനയർത്ഥതലങ്ങൾ തേടുന്ന മാനങ്ങളത്രെ. ഇവയെല്ലാം സമീചീനമാംവിധം അവതരിപ്പിച്ചിരിക്കുന്ന ശ്ഹീമാ നമസ്കാരത്തിലെ ഭാഷയോ അത്യുദാത്തമത്രെ. ചിന്താമഹത്വം, ശക്തിമത്തായ വികാരവും അതിന്റെ സഫലമായ ആവിഷ്ക്കാരം, അലങ്കാരവും മറ്റ് ഉക്തിവൈചിത്ര്യങ്ങൾ, കുലീന രചനാശൈലി, ഗംഭീരവും ശ്രേഷ്ഠവുമായ രൂപഘടന എന്നിവകൊണ്ട് ആ ഉദാത്തത പ്രസ്പഷ്ടമാക്കുന്നു. ഉപമ, ഉൽപ്രേക്ഷ, രൂപകം, അപ്രസ്തുതപ്രശംസ, സ്വഭാവോക്തി തുടങ്ങിയ അലങ്കാരപ്രയോഗങ്ങൾ കൊണ്ട് ശ്ഹീമാനമസ്കാര ഭാഷ ആരാധനാ സാഹിത്യത്തിൽ സുരഭിലസുന്ദരമായിരിക്കുന്നു. നവീനമായ ആശയങ്ങളും പ്രതീകങ്ങളും അതിലേക്കാവഹിച്ചിട്ടുമുണ്ട്.

നിരന്തരമായ ആന്തരാന്വേഷണത്തിലൂടെ ദിവ്യസന്നിധിയിലെത്തിയ മിസ്റ്റിക് പ്രതിഭകളിൽ നിന്നു മാത്രമേ ഇത്രയും ഭാവപ്രദീപ്തമായ രചനകൾ നൽകി വരികളെ അക്ഷരതയിലേക്കുയർത്താൻ കഴിയൂ. സുറിയാനി മൂലത്തോടും സങ്കീർത്തനങ്ങളോടും കടപ്പെട്ടാണെങ്കിൽകൂടി അതിസമർത്ഥമായ ആശയഭാഷാന്തരം നടത്തിയ ആ മിസ്റ്റിക്ക് പ്രതിഭ വെണ്ണിക്കുളം സി. പി. ചാണ്ടിയാണ് – മൂടുപടമില്ലാത്ത കാവ്യഭാഷയുടെ ആചാര്യൻ!

❑

വചനതീർത്ഥം 12

# നിൻ മുറിവുകളിൽ നിന്നേറ്റേൻ മൂറോൻ മണമെൻ നാഥാ...

## (പുതുഞായറാഴ്ച്ച; യോഹ 20:19–31)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ



സി.വി.ബാലകൃഷ്ണന്റെ *ജനപദങ്ങൾ* എന്ന കഥയിൽ കൊല്ലപ്പെട്ട മൂന്ന് കുട്ടികളുടെ ശവപെട്ടികളുമായി വിലാപയാത്ര നടത്തുന്നത് കാണവെ *മരണത്തിന്റെ താക്കോൽ ആരുടെ കൈയ്യിലാണ് എന്ന്* ഒരു ചോദ്യം ഉന്നയിക്കുന്നുണ്ട്. ഈ കുട്ടികളുടെ കൊലപാതകങ്ങളെ ചൊല്ലി കലാപം അരങ്ങേറുമ്പോൾ മുടന്തനായ ഒരാൾ സുരക്ഷിതമായ അകലത്തിലേക്ക് നീങ്ങുന്നത് അടയാളപ്പെടുത്തികൊണ്ട് കഥ അവസാനിക്കുകയാണ്. മരണത്തിന്റെ നിഗൂഢതയുടെ അഗാധതകളെ നിഷ്ഫലമാക്കി നിത്യതയുടെ പ്രത്യാശയെ തലമുറകൾക്ക് നൽകുന്ന ഒരു വായനാഭാഗത്തേക്ക് നാം പ്രവേശിക്കുന്നു.

*പി.കെ പാറക്കടവ്* ഇങ്ങിനെ രേഖപെടുത്തി, *മനുഷ്യൻ പച്ചയിൽ മരിച്ചുവീഴുന്നത് ചുടുചായമോന്തി ഒരു ടി.വി സീരിയൽ കാണുന്ന ലാഘവത്തോടെ കണ്ടിരിക്കാൻ നമുക്ക് മടിയില്ലാതായിരിക്കുന്നു.* ഇന്ന് ജീവന്റെയും മരണത്തിന്റെയും ഉടയവനും സ്രഷ്ടാവുമായ പുത്രൻ തമ്പുരാന്റെ ഉത്ഥാനാനന്തര സംഭവങ്ങളാണ് ഏവൻഗേലിയോൻ ഭാഗത്തെ പ്രധാന പ്രമേയം.നിസംഗതയിൽ നിന്ന് നിത്യജീവനിലേക്ക് നമ്മെ തുടിയുണർത്തുവാൻ പോന്നതാണിത്. സഭയുടെ ആരാധാന വർഷത്തിന്റെ മറ്റൊരു ഘട്ടമാണ് പെന്തികോസ്തി പെരുന്നാൾ വരെയുള്ള കാലം. ഉത്ഥിതനായ കർത്താവ് ശിഷ്യസമൂഹത്തിന് നൽകുന്ന ദൗത്യപ്രകാശമാണ് ഈ ദിനങ്ങളിൽ സഭ വിചാരവിചിന്തനങ്ങൾക്കായി ക്രമികരിക്കുന്നത്.

**1. ഇടറുവൻ ഇടയായ മുറിവുകൾ അതിജീവനമാതൃകയാക്കുക**

*മരിച്ച ഒരാളുടെ ഉത്ഥാനം എങ്ങിനെയാണ് പ്രതിസ്ഫുരണങ്ങൾ ഉണ്ടാക്കുക?* യേശുവിന്റെ ഉത്ഥാനാനന്തരമാണ് ചരിത്രം ഇത്തരത്തിൽ ഒരു പ്രശ്നാനുഭവം അഭിമുഖികരിച്ചത്. പരസ്യശുശ്രൂഷാകാലത്ത് മനുഷ്യപുത്രൻ മറ്റുള്ളവർക്ക് വേണ്ടി ബലിയായി തീരുമെന്ന് അവിടുന്ന് ഓർമ്മിപ്പിച്ചിരുന്നു. അവിടുന്ന് തന്റെ മുറിവുകളെയും വിലാപ്പുറവും കാണിച്ച് സമാധാനമോതുന്നത് ക്രൈസ്തവശൈലിയുടെ വിനയവും വിശുദ്ധിയും പ്രസരിപ്പിക്കുന്നതായിരുന്നു. യേശുവിൽ ഏൽപ്പിക്കപ്പെട്ട മുറിവുകൾ തന്നെ മുറിവേൽപ്പിക്കുന്ന മർദ്ദകർക്കുള്ള മറുമരുന്നാണ്. പൗലോസ് മുറിവേൽപ്പിക്കപ്പെട്ട മശിഹായെ ദർശിച്ച് (അപ്പോ.പ്രവ.9)പാപജീവിതത്തിൽ നിന്ന് മോചനം നേടിയവനായിരുന്നല്ലോ.

ആണിപ്പാടുകളിലും കുന്തമുനകളിലുമുള്ള സമാധാനം: ഉത്ഥാനം,ശിഷ്യന്മാർ ഇടറുവാൻ ഇടായക്കിയ മുറിപാടുകൾ കാണിച്ച് ക്രിസ്തു സമാധാനം ആശംസിച്ചു. *ഇതു പറഞ്ഞിട്ട് അവൻ കയ്യും വിലാപ്പുറവും അവരെ കാണിച്ചു* ( വ.20) എന്ന വാക്യം ശ്രദ്ധിക്കുക. ആണികളുടെയും കുന്തമുനകളുടെയും മുറിപ്പാടുകൾ സമാധാനത്തിന്റെ ആഴങ്ങൾ നമുക്ക് കാണിച്ച് തന്നു. *അവന്റെ തിരുമുറിവുകൾ സമാധാനത്തിന്റെ മൂറോൻ സുധസ്ഥമുള്ളതായിരുന്നു. സമാധനത്തിന്റെ വഴിയാണത്.* ആണികളും കുന്തവും ക്രിസ്തുവിൽ ഇടറുവാൻ പത്രോസിനെപ്പൊലെ അനേകരെ പ്രേരിപ്പിച്ചതാണ്. *ഇടറുവാൻ ഹേതുവാകുന്നവ, അതിജീവനത്തിന് ഇന്ധനമാക്കണമെന്നത് നാം കാണാതിരിക്കരുത്.* we carry too many fantasies inside us എന്ന് കുറിച്ചത് *ബെൻ ഒക്രിയാണ്.* നാം നമ്മുടെ പരാജയങ്ങൾക്ക കാരണമാകുന്ന് സങ്കൽപ്പങ്ങൾ ഉള്ളിൽ വഹിക്കുന്നുണ്ട്.

കടൽ താണ്ടി സീതയെ രക്ഷിക്കുവാൻ ഹനുമാനെ പ്രചോദിപ്പിച്ച സുഗ്രീവസാന്നിധ്യം പോലെ ചിലതുണ്ട്. *കൺമുമ്പിലെ കടലിനെക്കാൾ കരുത്ത് നിന്റെ ഉള്ളിലുണ്ട് എന്ന്* ഓർമ്മപ്പെടുത്തലാണല്ലോ അത്. ഉത്ഥാനത്തിന്റെ അനുഭവത്തിലൂടെ യേശുനാഥൻ നമ്മെ പ്രേരിപ്പിക്കുന്നത് മരണഭീതിയുടെയും പരാജയത്തിന്റെയും വഴിയടയാളങ്ങളെ മായ്ക്കുന്ന പുതിയജീവനിലുള്ള പ്രത്യശയെ കുറിച്ചാണ്. മരണം സമ്മാനിച്ച ആ തിരുമുറിവുകളെ നോക്കുക. അവ നമുക്ക് സമാധാനത്തിന്റെ *ശ്ളമ്മോ* ആശംസിക്കുന്നു. പ്രളയത്തിനൊടുവിൽ പ്രാവ് കൊക്കുകളിലേന്തിയ ഒലിവിലകൾ (ഉൽപ്പ 8.10) സമാധാനത്തിന്റെ കൊടിയടയാളമായിരുന്നു. എന്നാൽ മലങ്കാക്ക (ഉൽപ്പ 8.7) പ്രളയാവശിഷ്ടത്തിൽ ആഹാരം അന്വേഷിച്ച് അലയുന്നത് കണക്ക് അലയുന്ന ജൂതജീവിതങ്ങൾ നിരാകരണത്തിന്റെയും, വൃഥാസങ്കൽപ്പികതയുടെയും പ്രതീകമായി ഇന്നും അവശേഷിക്കുന്നു.

**2.ഭാരതീയ ഭക്തിജീവിതത്തിന്റെ മാർത്തോമ്മൻ ശൈലി**

ഉത്ഥാനത്തിനപ്പുറം മോക്ഷത്തിന് മറ്റൊരു മാതൃകയില്ല. മരണപാശങ്ങളിൽ നിന്നുള്ള മോചനമാണ് അത്. ഈ അനന്യദർശനം ക്രിസ്തുവാണ് ലോകത്തിന് പ്രദാനം ചെയ്യുന്നത്. തോമ്മാ ശ്ലീഹായുടെ വിശ്വാസദീപ്തിയെ കർത്താവ് ജ്വലിപ്പിക്കുന്ന ഒരു വേദഭാഗമാണല്ലോ ഇത്. ഭാരതീയ ദർശനങ്ങളിൽ മോക്ഷത്തിന് നിയതമായ ചില വഴികൾ ഉണ്ട്. അവയെ ഓർമ്മിപ്പിക്കുന്ന ചില സ്വഭാവങ്ങൾ ഇന്ത്യയുടെ ഈ അപ്പോസ്തോലനിൽ പ്രകടമാവുന്നത് കാണാം.

1) *ജ്ഞാനമാർഗ്ഗം:* വി.യോഹന്നാൻ എഴുതുന്ന സുവിശേഷങ്ങളുടെ വെളിച്ചത്തിൽ പങ്കുവെക്കുന്ന മൂന്ന് സംഭവങ്ങൾ ഏവർക്കും സുപരിചിതമാണ്. *നീ എവിടെ പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞ് കൂടാ, പിന്നെ വഴി എങ്ങിനെ അറിയും?(യോഹ 14.5)* അവിടെ ദൈവത്തെ അറിയുവാനുള്ള, അവന്റെ മാർഗ്ഗത്തെ പിൻപറ്റുവാനുള്ള ആകാംഷ ഈ ചോദ്യത്തിൽ നിറഞ്ഞ് നിൽക്കുന്നു. *അന്വേഷണത്തെ അറിവിന്റെ വഴിയാക്കുന്ന തോമ്മാ ശ്ലീഹായെ* ആണ് നാമിവിടെ അറിയുന്നത്. ഇന്ന് ക്രിസ്തുവിനെ അറിയുവാനുള്ള ആത്മാർത്ഥമായ പരിശ്രമം നമുക്കുണ്ടോ?

*2) കർമ്മമാർഗ്ഗം:* ലാസറിനെ ഉയർപ്പിക്കാനുള്ള തന്റെ യാത്രയിൽ *നമുക്കും അവനോടു കൂടെ മരിപ്പാൻ പോകാമെന്ന് പറയുന്ന(11.16)* തോമ്മാശ്ലീഹാ പ്രാവർത്തികമായും കർത്താവിനെ പിന്തുടർന്നവനാണ്. ഇവിടെ ക്രിസ്തുവിനായ് കർമ്മസജ്ജമാകുന്ന ശ്ലൈഹീക മാതൃകയാണിത്. ക്രിസ്തുവിന് വേണ്ടി ജീവിക്കുന്നവനാണ് താൻ എന്നത് ഈ ഭാഗങ്ങളിൽ വ്യക്തമാണ്.

*3) ഭക്തിമാർഗ്ഗം:* ഉത്ഥാനത്തിന്റെ ഈ ദിനങ്ങളിൽ തന്റെ സംശയത്തിന്റെ നിഴൽ മായിക്കുവാൻ കരം നീട്ടുന്ന കർത്താവിനോട് *എന്റെ കർത്താവും എന്റെ ദൈവവുമേ* എന്ന ഭക്തിയുടെ സ്വരമാണ് ഉയർത്തിയത്. ഇത് ആ ഭക്തി ജീവിതത്തിന്റെ നന്മയെ മുഴുവൻ വ്യക്തമാക്കുന്നു. കേരളത്തിലെ ഭക്തകവികളായ പൂന്താനവും എഴുത്തച്ഛനും ഒക്കെ പിന്തുടർന്ന സാർഗ്ഗാത്മാകമായ വഴിയാണ്.

ഭക്തിജീവിതത്തിന്റെ ഭാരതീയ മാതൃകയാണ് വി.തോമ്മാമാർഗം. ജ്ഞാന, കർമ്മ, ഭക്തി മാർഗ്ഗങ്ങളിലൂടെ ദൈവത്തെ പിൻപ്പറ്റുന്ന ആത്മീയാനുഭവമാണ് മോക്ഷമെന്ന് ശ്ലീഹായുടെ സഫലജീവിതം പഠിപ്പിക്കുന്നു. ദൈവത്തോട് നമ്മെ അണച്ചുനിർത്തുന്നത് നമുക്ക് നൽകപ്പെട്ടിരിക്കുന്ന എല്ലാ സാധ്യതകളിലൂടെയും ആകണമെന്ന് സാരം. ദൈവത്തെ പുണർന്ന് നിൽക്കുന്നത് തന്നെയാണ് മോക്ഷവും.

***3) ഒറ്റപ്പെട്ടവന്റെ ദുഃഖത്തിന് ഉത്ഥിതന്റെ സാന്നിദ്ധ്യം***

*ഒടുവിൽ നാം ഒറ്റയായി തീരുന്നതെങ്ങിനെ കൂട്ടരെ?* എന്ന പ്രശ്നം കവിതയിൽ ഉയർന്ന കേട്ടത് കവി *സച്ചിദാനന്ദനിൽ കൂടി* ആണ്. ഭയം നമ്മിൽ ഉളവാക്കുന്ന വിഭിന്ന പ്രതികരണങ്ങൾ ഉണ്ട്. 1) ശിഷ്യന്മാർ ഭയത്താൽ ഒരുമിച്ച് കൂടിയിരുന്നു. 2) തോമസ് ഒറ്റക്ക് പുറത്ത് പോയി. ഈ രണ്ടു തലങ്ങളും ഒറ്റപ്പെട്ടുപോകുന്നതിന്റെ ഉദാഹരണങ്ങളാണ്. ചിലപ്പോൾ ഒരു വ്യക്തിയോ,ഒരു കൂട്ടം വ്യക്തികളോ ഒറ്റപ്പെട്ടുപോവുകയോ,ഒറ്റപ്പെടുത്തുകയോ ചെയ്യുന്ന ഒരു സാമൂഹികപശ്ചാത്തലമാണിത്.

മാരകരോഗങ്ങളോ,മരണമോ, മറ്റെതെങ്കിലും തീവ്രദുഃഖങ്ങളോ ഈ രണ്ട് പ്രതികരണതലങ്ങൾ കുടുംബ-വ്യക്തിജീവിതങ്ങളിൽ ഉണ്ടാക്കുന്നത് കാണാം. ചിലർ ഒരുമിച്ച് കൂടിയിരിക്കവെ തോമ്മാ ശ്ലീഹാ ഒറ്റയ്ക്ക് പുറത്ത് പോയി. ക്രിസ്തുവിന്റെ വേർപാട് ആണ് ഈ ദുഃഖത്തിന് നിദാനം.

ഈ ലോകത്തിൽ നാം പിറന്നപ്പോഴും പിരിയുമ്പോഴുംം ഒറ്റയ്ക്കാണ്. എന്നാൽ ദൈവസാന്നിദ്ധ്യബോധം നമ്മെ ശകതീകരിക്കുന്നു. നഷ്ടപ്പെട്ട നാണയം തേടുന്നതും (ലൂക്കോസ് 15.8–10), അകന്നുപോയ ആടിനെ തേടുന്നതും (യോഹ 10.1–21), കൺമറയത്ത് നിന്നകന്ന മകനെ കാത്തിരിക്കുന്ന പിതാവിന്റെയുമൊക്കെ ഉപമകൾ (ലൂക്കോ15.11–22) ചൊല്ലി പഠിപ്പിച്ചവൻ, തന്നെ തേടിയെത്തുമെന്ന് മാർതോമ്മായ്ക്ക് അറിയുമായിരുന്നോ? ഒറ്റപ്പെട്ട് പോവുമ്പോൾ തേടിയെത്തുന്ന ഉത്ഥിതനാഥന്റെ ശബ്ദം നാം അവിശ്വാസിയകാതെ വിശ്വാസിയാകാൻ നമ്മെ തേടി വരുന്നു. അതിന് വിധേയമാകാനുള്ള കാലമായി ഈ പുതുഞായാറാഴ്ച്ച ദിനത്തെ വേർതിരിക്കാം.

Article

# Church fathers/ecclesiastical writers on ‘no prostrations’ during the Season of Resurrection

Rincy John

**Christ is Risen! Indeed He is Risen!**

The season of Resurrection is a season of celebration, a season of the joyous commemoration of the Resurrection of our Lord. In this season, no prostrations (‘kumbideel’ in Malayalam) are allowed. We will see through some examples of the early Christian witnesses and Church fathers attesting this tradition:

**1) Tertullian (~160 AD-220 AD):**

For those who look for ‘where is this in the Holy Scripture’, Tertullian provides an explanation that certain traditions have come about in the Church because they were ‘handed down’. He then speaks of the tradition of not kneeling/prostration on Sundays and the period from Easter to Pentecost:

“If no passage of Scripture has prescribed it, assuredly custom, which without doubt flowed from tradition, has confirmed it. For how can anything come into use, if it has not first been handed down? .....We count fasting or kneeling in worship on the Lord's Day to be unlawful. We rejoice in the same privilege also from Easter to Whitsunday (Sunday of Pentecost).”

(Ref:- Chapter III, The Chaplet, Ante Nicene Fathers- Volume III - Latin Christianity: Its Founder, Tertullian (I. Apologetic; II. Anti-Marcion; III. Ethical) Edited by Allan Menzies)

**2) The First Ecumenical Council of Nicea:**

The below instruction from the first Ecumenical Council of Nicea commands that prostrations/kneeling be not allowed during the season of Resurrection (and on Sundays as well) and that it be uniformly observed everywhere:

“Forasmuch as there are certain persons who kneel on the Lord’s Day and in the days of Pentecost, therefore, to the intent that all things may be uniformly observed everywhere (in every parish), it seems good to the holy Synod that prayer be made to God, standing.”

(Ref:- Canon XX- The Canons of the 318 Holy Fathers Assembled in the City of Nice, in Bithynia; Nicene and Post-Nicene Fathers, Series II, Volume XIV-The Seven Ecumenical Councils, Edited by Philip Schaff and Henry Wace)

**3) St Basil (~AD329-AD379):**

St Basil explains that we do not do prostration (and we pray only standing) on Sundays/ on the days from Easter till Pentecost because those days remind us that we have ‘rose’ with Christ and are called to look heavenwards in prayer:

..We pray standing, on the first day of the week, but we do not all know the reason. On the day of the resurrection (or “standing again”) we remind ourselves of the grace given to us by standing at prayer, not only because we rose with Christ, and are bound to “seek those things which are above,” but because the day seems to us to be in some sense an image of the age which we expect… Of necessity, then, the church teaches her own foster children to offer their prayers on that day standing,...Moreover all Pentecost is a reminder of the resurrection expected in the age to come… On this day the rules of the church have educated us to prefer the upright attitude of prayer, for by their plain reminder they, as it were, make our mind to dwell no longer in the present but in the future.”



(Ref: Chapter XXVII, De Spiritu Sancto; Nicene and Post-Nicene Fathers, Series II, Volume VIII- ‘Basil- Select Letters and Works’, Edited by Philip Schaff)

**4) St John Cassian (~AD360–435 AD):**

St John Cassian is known for noting down the life and times of Egyptian monks and Desert Fathers. He mentions that the Egyptian monks don’t fast and don’t do prostrations from Easter to the Sunday of Pentecost.

“This, too, we ought to know,—that from the evening of Saturday which precedes the Sunday, up to the following evening, among the Egyptians they never kneel, nor from Easter to Whitsuntide (Sunday of Pentecost); nor do they at these times observe a rule of fasting.”

(Ref: Chapter XVIII, Book II- The Twelve Books on the Institutes of the Coenobia, Nicene and Post-Nicene Fathers, Series II, Volume XI, Edited by Philip Schaff and Henry Wace)

Article

# Christian Mural painting tradition of Malankara

**Rijo Geevarghese** (STOTS 3rd Year)

Long before the western way of painting, especially the painting style derived during renaissance , there existed a style which was more close to common people. An art form which was not limited to painting studios or surfaces like canvas or glass. These are the wall painting or mural painting style. In early times , people didn't had smooth and pores surfaces like paper or canvas. So they tend use the wall or the huge rocks around them in order to convey what they experienced, their feelings, even the story of their family, their day to day life, their belief in super natural etc. Result of which we can see rock paintings at bhimbetika , edakkal caves at wayanad, paintings at Ajanta cave etc. in a way These paintings carry the message of human civilization itself. Since these were not painted for the sake of mere beauty but are genuine result of human freedom of expression, for this reason I believe it to be an art form which is sacred and pure.

**Ancient Kerala mural art form**

Kerala is known for its art and culture and somehow it's was able to keep its artistic quality intact in today's world. Long before the age of renaissance, here in Kerala mural art form flourished and it continue to do so. We can find its traces in temples, palaces and Churches in Kerala. Kerala mural art form proves that art is not dependent on religion or caste. In this write up I would like to share some thoughts on mural painting done at St George Orthodox Church, Paliakara, Thiruvalla.

**Paliakara St George Orthodox Church**

St. George Orthodox Church is ancient church at Tiruvalla, Kerala. The present Church building is from 1815. The specialty of this church is its uniqueness in the architecture. It's a typical model of churches built in similar period with wings at both sides and with pictures in the high external walls. The murals on the eastern wall of the altar had attracted many tourists and history students to this site. They are of high quality and perfection with natural components and represent the last generation of murals in Kerala at least 300 years old. The pictures generally demonstrate the major events in our Lord's life on earth. Below it is a huge picture of St.George at





the center and twelve apostles on either side. Their names are also written in Syriac at the bottom.

**Lets read the mural**

**The use of Blue, Red and White color**

The whole narrative has been beautifully balanced with the use these three colors Blue, Red and White. And we can also notice that only Christ, Mother Mary and God the Father has been shown with red robe (others do have red cloak).

Portion that represents resurrected Christ we see him in white cloth wrapped in red cloak. And only in Baptism and Crucifixion representation we see Christ completely in white cloth devoid of any other color.

The Central representation is of St George slaying the dragon which is just behind the *thronos* (the offering table). This representation is purposefully placed in such a way in order to distinguish the two part of the whole visual depiction.

With St George as central figure the base of the mural showcases two tiered picture. The one upper left to St George depicts the two important events in Virgin Mother Mary's life- the annunciation and the meeting of Elizabeth and Mother Mary. The right represents two miracles of raising from death. One showing Lazarus been raised by Jesus and other one of



Resurrection and assurance of St.Thomas.

**The role of Mother Mary and St.Thomas:** In this lower section the role of Mother Mary and St.Thomas is given more importance. On one side we see the Annunciation of Gabriel to Mother Mary and on other side we see the assurance of St.Thomas. Left side we see the annunciation of Gabriel which is about the incarnation and on the other side we the confession of St.Thomas which is about resurrection, the two great mysteries.

The upper section is field with the life, baptism, death and resurrection events of Jesus. Starting with infancy narrative, visit of the wise men, presentation of baby Jesus in temple, Baptism. Followed in the upper most portions with the way to Golgotha and Ressurection. All this with Crucifixion as the centre.

**Two depiction from Latin influence**

**The representation of Assumption of Mother Mary.** : One of the most common depictions seen in all the Malankara Mural across Kerala is the representation of assumption of Mother Mary. In our Orthodox tradition we distinguish between the "Dormition" of the Mother of God and her "Assumption" into heaven. Dormition, we feel, is properly Orthodox, while Assumption is purely Western designation, derived from a Roman Catholicism. But, here assumption of Mother Mary is been depicted the reason could be the Latin influence after the synod of Diamper.



**Representation of God the father**: In Orthodox Tradition we don't depict any image calling it to be God the father. It is strictly prohibited in Orthodox Iconography. But here also, it could have been due to the Latin influence.

**Preparation of Color in Kerala Mural** Traditionally in all Iconographical schools across ancient Churches the use of natural color for mural is the most common practice. These colors are been taken from nature. Where Pigments from plants, flowers and oxides from the earth are grinded . One of the most common medium used for mixing these colors have been fruit nectar or the glue. In byzantine and other eastern iconography in place of fruit nectar the medium used is egg yolk with vinegar.



This was about just one church in Malankara. There are at least 10 churches with ancient mural paintings. Unfortunately, in some churches they are been removed. But, in paliakara Church people give a great care to this work and recently these murals were restored by a restoration team. Hope other churches could also do so.

❑



## കുന്നംകുളം അരമന ചാപ്പൽ സന്ദർശിച്ചു

പരുമലയിൽ നിന്നുള്ള OVBS വിദ്യാർത്ഥികൾ സെൻറ് ഗ്രീഗോറിയോസ് അരമന ചാപ്പൽ സന്ദർശിച്ചു. ഫാ. മാത്തുക്കുട്ടിയുടെ നേതൃത്വത്തിലാണ് സന്ദർശനം നടത്തിയത്. കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലിത്താ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് സംഘത്തെ അനുഗ്രഹിച്ചാശീർവദിച്ചു. മരത്തംകോട് ഇടവക വികാരി. ഫാ. ഐസക് ജോണും ഡീക്കൺ മെൽവിനും സന്നിഹിതരായിരുന്നു

News, Advertisements,Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file